21
2025
നവംബർ
വെള്ളി
വൃശ്ചികം 5

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 289 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-289 പേജ് 4. വില 2.00 രൂപ

02 ശബരിമലയിലെ തിരക്ക്: ഒരു ദിവസം 5000 സ്പോട്ട് ബുക്കിംഗ് മാത്രം

03 ജില്ലാപഞ്ചായത്ത് വികസനം: ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കി: സാം കെ. ഡാനിയേൽ

04 തലയിൽ മുറിവുമായെത്തിയ കുട്ടിക്ക് ഫെവി ക്വിക് ചികിത്സ

പ്രസിഡന്റിനും ഗവർണർക്കും സമയപരിധി നിശ്ചയിക്കാനാവില്ല

ബില്ലുകൾ അനിശ്ചിതകാലത്തേക്ക് പിടിച്ചുവയ്ക്കരുത്

ന്യൂഡൽഹി : നിയമസഭ പാസാക്കുന്ന ബില്ലുകളിൽ തീരുമാനമെടുക്കാൻ സമയപരിധി നിശ്ചയിക്കണമെന്നുള്ള ആവശ്യം തള്ളി ഭരണഘടന ബെഞ്ച്. ഇതു സംബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു നൽകിയ 'പ്രസിഡൻഷ്യൽ റഫറൻസിലാണ്' സുപ്രീം കോടതി മറുപടി നൽകിയത്. ബില്ലുകൾ അനിശ്ചിതകാലത്തേക്ക് തടഞ്ഞുവയ്ക്കാൻ അധികാരമില്ലെന്ന് അഭിപ്രായപ്പെട്ട കോടതി, ഗവർണറുടെ വിവേചനാധികാരം പരിമിതപ്പെടുത്തുന്നത് യുക്തിസഹമല്ലെന്നും നിരീക്ഷിച്ചു. ഗവർണർക്കോ പ്രസിഡന്റിനോ സമയപരിധികൾ നിർദേശിക്കുന്നത് ഉചിതമല്ലെന്നും കോടതി നിരീക്ഷിച്ചു. ചീഫ് ജസ്റ്റിസ് ബി.ആർ.ഗവായ് ഉൾപ്പെട്ട അഞ്ചംഗ ബെഞ്ചാണ് വിഷയത്തിൽ വിശദമായ വാദം കേട്ട ശേഷം മറുപടി നൽകിയത്. ബില്ലുകൾ അനിശ്ചിതകാലത്തേക്ക് പിടിച്ചുവയ്ക്കുന്നത് അഭിലഷണീയമല്ലെന്നും ബില്ല് നിയമം ആയാൽ മാത്രമേ കോടതിക്ക് ഇടപെടാൻ സാധിക്കുകയുള്ളൂവെന്നും കോടതി അഭിപ്രായപ്പെട്ടു. സുപ്രീം കോടതി രണ്ടംഗ ബെഞ്ചിന്റെ നടപടികളെ ഭരണഘടനാ ബെഞ്ച് പൂർണമായും തള്ളുകയും ചെയ്തു. ഗവർണർക്ക് മുന്നിൽ മൂന്ന് വഴികൾ ഉണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി. ഒപ്പുവയ്ക്കുക, രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയക്കുക, ഒപ്പിടാതെ മാറ്റിവച്ച് പിന്നീട് നിയമസഭയ്ക്ക് തിരിച്ചയക്കുക എന്നാണ് വഴികളെന്നും അല്ലാതെ അനിശ്ചിത കാലത്തേക്ക് പിടിച്ചുവയ്ക്കാനാകില്ലെന്നും കോടതി പറഞ്ഞു. നിയമസഭയുമായി ഗവർണർ ഇതുസംബന്ധിച്ച് ആശയവിനിമയം നടത്തണമെന്നും കോടതി അഭിപ്രായപ്പെട്ടു. രാഷ്ട്രപതിയുടെ റഫറൻസിനെ ചോദ്യം ചെയ്ത് ഹർജി നൽകിയ കേരള സർക്കാർ ഉൾപ്പെടെ വിശദമായ വാദം ഉന്നയിച്ചിരുന്നു.

രാഷ്ട്രപതിയുടെ തീരുമാനത്തിനു സമയപരിധി വയ്ക്കാൻ കോടതിക്കു കഴിയുമോ എന്നതുൾപ്പെടെ 14 ചോദ്യങ്ങളാണ് ഭരണഘടനയുടെ 143(1) പ്രകാരമുള്ള 'റഫറൻസിൽ' രാഷ്ട്രപതി ഉന്നയിച്ചത്. തിരഞ്ഞെടുക്കപ്പെട്ട സർക്കാരാണ് 'ഡ്രൈവിങ് സീറ്റി'ൽ ഉണ്ടായിരിക്കേണ്ടതെന്നും സംസ്ഥാനത്ത് രണ്ട് എക്സിക്യൂട്ടീവ് അധികാരങ്ങൾ ഉണ്ടാകരുതെന്നും കോടതി അഭിപ്രായപ്പെട്ടു. ബില്ലുകൾ പിടിച്ചുവയ്ക്കുന്നത് ഫെഡറൽ തത്വത്തിനെതിരാണെന്നും കോടതി പറഞ്ഞു. ബില്ലുകൾ രാഷ്ട്രപതിക്ക് അയക്കാനുള്ള ഗവർണറുടെ വിവേചനാധികാരത്തെ മാനിച്ച കോടതി, എന്നാൽ ഇത് അനിയന്ത്രിതമായ അധികാരങ്ങൾ നൽകുന്നില്ലെന്നും നിരീക്ഷിച്ചു.

നിതീഷ്കുമാർ സത്യപ്രതിജ്ഞ ചെയ്തു, മുഖ്യമന്ത്രിയാകുന്നത് പത്താം തവണ

സാമ്രാട്ടും വിജയ്കുമാറും ഉപമുഖ്യമന്ത്രിമാർ

പട്ന: ബിഹാർ മുഖ്യമന്ത്രിയായി പത്താം തവണയും നിതീഷ് കുമാർ അധികാരമേറ്റു. ബിഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാനാണ് സത്യവാചകം ചൊല്ലിക്കൊടുത്തത്. ബിജെപിയുടെ സാമ്രാട്ട് ചൗധരിയും വിജയ്കുമാർ സിൻഹയും ഉപമുഖ്യമന്ത്രിമാരായും സത്യപ്രതിജ്ഞ ചെയ്തു.

പട്നയിലെ ചരിത്രപ്രസിദ്ധമായ ഗാന്ധി മൈതാനത്ത് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ, മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫ്ഡനാവിസ്, ആന്ധ്രപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു, ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ തുടങ്ങി ഒട്ടേറെ പ്രമുഖർ പങ്കെടുത്തു.

ലക്ഷങ്ങളാണ് ചടങ്ങിനെത്തിയത്. സത്യപ്രതിജ്ഞാ ചടങ്ങ് നടക്കുന്ന മൈതാനത്ത് വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയത്. സ്ഥാനമൊഴിയുന്ന മുഖ്യമന്ത്രി എന്ന നിലയിൽ നിതീഷ്കുമാർ ബുധനാഴ്ച ഗവർണർ ആരിഫ് മുഹമ്മദ് ഖാനെക്കണ്ട് രാജിക്കത്ത് സമർപ്പിച്ചിരുന്നു. 243 അംഗ നിയമസഭയിൽ 202 സീറ്റുകൾ നേടിയാണ് എൻഡിഎ ബിഹാറിൽ അധികാരത്തിൽ വീണ്ടുമെത്തിയത്. ബിജെപി-89, ജെഡിയു-85, എൽജെപി (ആർവി)-19, എച്ച്എഎം-5, ആർഎൽഎം-4 എന്നിങ്ങനെയാണ് കക്ഷികളുടെ സീറ്റുനില.

നടിയെ ആക്രമിച്ച കേസ്: വിചാരണക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും

കൊച്ചി: നടിയെ ആക്രമിച്ച കേസ് എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ഇന്ന് വീണ്ടും പരിഗണിക്കും. അന്തിമ വാദം പൂർത്തിയാക്കിയ കേസിൽ പ്രോസിക്യൂഷൻ ആരോപണങ്ങളിലെ സംശയനിവാരണമാണ് ഇപ്പോൾ നടക്കുന്നത്. കേസിന്റെ വിധി പറയുന്ന തീയതി ഉടൻ അറിയിക്കും.

2017 ഫെബ്രുവരി 17ന് യുവനടിയെ തട്ടിക്കൊണ്ടുപോയി ബലാൽസംഗം ചെയ്തെന്നും നഗ്ന ദൃശ്യങ്ങൾ പകർത്തിയെന്നുമാണ് കേസ്. പൾസർ സുനി ഒന്നാം പ്രതിയായ കേസിൽ, നടൻ ദിലീപാണ് എട്ടാം പ്രതി.

തലസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം; ആനാട് സ്വദേശിനി ചികിത്സയിലിരിക്കെ മരിച്ചു

തിരുവനന്തപുരം: തലസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് യുവതി മരിച്ചു. ആനാട് സ്വദേശി കെ. വി. വിനയ (26) ആണ് മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ കഴിഞ്ഞ ദിവസം രാത്രിയാണ് യുവതി മരിച്ചത്.

കടുത്ത പനിയെ തുടർന്ന് വിനയ രണ്ട് മാസം മുൻപ് നെടുമങ്ങാട് ആശുപത്രിൽ ചികിത്സ തേടിയിരുന്നു. പനി മാറിയതിന് പിന്നാലെ യുവതിക്ക് അപസ്മാരം പിടിപെട്ടിരുന്നു. ഇതേ തുടർന്നാണ് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സ തേടിയത്.

മെഡിക്കൽ കോളജിൽ നടത്തിയ രക്ത പരിശോധനയിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിക്കുകയായിരുന്നു. തുടർന്ന് വെൻറിലേറ്ററിൽ ചികിത്സയിലായിരുന്നു. എന്നാൽ അണുബാധ എങ്ങനെ ഉണ്ടായി എന്നത് സംബന്ധിച്ച് വ്യക്തതയില്ല. വിനയ വീട്ടിലെ കിണർ വെള്ളം മാത്രമാണ് ഉപയോഗിച്ചതെന്നാണ് പുറത്തുവരുന്ന വിവരം. യുവതിയുടെ വീട്ടിലെ കിണർ വെള്ളം പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

ശബരിമല സ്വർണക്കൊള്ള: എ. പത്മകുമാർ അറസ്റ്റിൽ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻപ്രസിഡന്റ് എ. പത്മകുമാറിനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. വ്യാഴാഴ്ച വൈകുന്നേരം മൂന്നുമണിയോടെ എസ്ഐടി പത്മകുമാറിന്റെ അറസ്റ്റ് രേഖപ്പെടുത്തി വൈദ്യപരിശോധനയ്ക്ക് വിധേയനാക്കിയിരുന്നു. പിന്നാലെയാണ് റിമാൻഡ് ചെയ്തത്.

കൊല്ലം വിജിലൻസ് കോടതിയിലേക്ക് കേസ് മാറ്റിയിരുന്നു. വിജിലൻസ് ജഡ്ജിയുടെ വസതിയിൽ എത്തിച്ചാണ് റിമാൻഡ് ചെയ്യിപ്പിച്ചത്. പത്മകുമാറിനെ തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലേക്ക് കൊണ്ടുപോവുകയാണ്.

സി.പി.എം പത്തനംതിട്ട ജില്ലാ കമ്മറ്റി അംഗവും മുൻ എം.എൽ.എയുമാണ് പത്മകുമാർ. ശബരിമല സ്വർണക്കൊള്ളക്കേസിൽ നേരത്തേ അറസ്റ്റിലായവരുടെ മൊഴികളെല്ലാം പത്മകുമാറിനെതിരാണെന്നാണ് വിവരം. നിലവിൽ ഈ കേസിൽ പ്രതിചേർക്കപ്പെട്ടവരിൽ മുഖ്യസ്ഥാനത്ത് നിൽക്കുന്നത് പത്മകുമാറാണ്.

ശബരിമല സ്വർണക്കൊള്ളയുടെ പ്രധാന ആസൂത്രകൻ പത്മകുമാർ ആണെന്ന് കേസ് അന്വേഷിക്കുന്ന എസ്ഐടി ടീം വ്യക്തമാക്കിയിരുന്നു. സ്വർണക്കൊള്ളക്ക് വേണ്ടി ഉണ്ണികൃഷ്ണൻ പോറ്റിയും കേസിലെ മറ്റ് ദേവസ്വം ബോർഡ് മുൻ ഉദ്യോഗസ്ഥർ അടക്കമുള്ള പ്രതികൾ പെരുമാറിയത് എ. പത്മകുമാറിന്റെ തിരക്കഥയനുസരിച്ചാണ് എന്നാണ് അന്വേഷണ സംഘം പറയുന്നത്.

ഉണ്ണികൃഷ്ണൻ പോറ്റിയും പത്മകുമാറും തമ്മിൽ സാമ്പത്തിക ഇടപാടുണ്ടായിരുന്നതായും എസ്ഐടിക്ക് സൂചന ലഭിച്ചിട്ടുണ്ട്. മുരാരി ബാബു മുതൽ എൻ. വാസു വരെയുള്ള പ്രതികൾ പത്മകുമാറിനെതിരെ മൊഴി നൽകിയിട്ടുണ്ടെന്നാണ് വിവരം. സ്വർണക്കൊള്ളയുടെ ഗൂഢാലോചന പത്മകുമാറിന്റെ വീട്ടിൽ വെച്ചാണ് നടന്നതെന്നാണ് എസ്ഐടി പറയുന്നത്. സ്വർണക്കൊള്ളയിലൂടെ വലിയ തോതിൽ സാമ്പത്തിക നേട്ടമുണ്ടാക്കിയെന്നും കണ്ടെത്തിയിട്ടുണ്ട്.

മാസപ്പടി കേസിലെ സിബിഐ അന്വേഷണം; ഹൈക്കോടതിയുടെ പുതിയ ബെഞ്ച് വാദം കേൾക്കും

കൊച്ചി: മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ വിജയൻ ഉൾപ്പെട്ട മാസപ്പടി കേസിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി ഹൈക്കോടതിയുടെ പുതിയ ബെഞ്ച് വിശദമായ വാദം കേൾക്കും. ജസ്റ്റീസ് അനിൽ നരേന്ദ്രൻ അധ്യക്ഷനായ ബെഞ്ച് ഹർജി ഫയലിൽ സ്വീകരിച്ചു.

ഹർജിയിലെ എതിർകക്ഷികൾക്ക് കോടതി നോട്ടീസ് അയച്ചിട്ടുണ്ട്. ഹർജിൽ വാദം കേൾക്കുന്നതിൽനിന്ന് രണ്ട് ഡിവിഷൻ ബെഞ്ചുകൾ നേരത്തെ പിന്മാറിയിരുന്നു. പിണറായി വിജയന്റെ മകൾ ടി. വീണ അടക്കമുള്ളവർക്കെതിരെ സിബിഐ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് മാധ്യമ പ്രവർത്തകൻ എം. ആർ. അജയനാണ് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്.

ഇൻറിം സെറ്റിൽമെൻറ് ബോർഡിലെ രേഖകളുടെ അടിസ്ഥാനത്തിൽ അന്വേഷണം സിബിഐക്ക് വിടണമെന്നാണ് ഹർജിയിലെ ആവശ്യം. സിഎംആർഎൽ, എക്സാലോജിക്, ശശിധരൻ കർത്ത, സിഎംആർഎൽ ഉദ്യോഗസ്ഥർ ഉൾപ്പടെയുള്ളവരാണ് മറ്റ് എതിർകക്ഷികൾ.

മാസപ്പടി കേസിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജികൾ ഹൈക്കോടതി നേരത്തെ തള്ളിയിരുന്നു.

സ്ഥാനാർത്ഥിക്ക് ചിഹ്നം ലഭിക്കാൻ രാഷ്ട്രീയ പാർട്ടിയുടെ ശിപാർശക്കത്ത് 24 ന് 3 മണി വരെ നൽകാം

സ്ഥാനാർത്ഥികൾക്ക് ചിഹ്നം നൽകുന്നതിന് അധികാരപ്പെടുത്തിയ രാഷ്ട്രീയപാർട്ടി ഭാരവാഹികളുടെ ശിപാർശ കത്ത് നവംബർ 24 ന് വൈകുന്നേരം 3 മണിക്ക് മുമ്പായി നൽകിയാൽ മതിയാകുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതിയായ നവംബർ 24 ന് വൈകിട്ട് മൂന്നു മണി കഴിഞ്ഞാണ് വരണാധികാരി സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുന്നത്. തുടർന്നാണ് മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെയും ചിഹ്നങ്ങളുടെയും പട്ടിക വരണാധികാരി ഫാറം 6 ൽ പ്രസിദ്ധീകരിക്കുന്നത്.

തെരഞ്ഞെടുപ്പ് ഏജന്റ്

മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് സ്ഥാനാർത്ഥികൾക്ക് ഓരോ തെരഞ്ഞെടുപ്പ് ഏജന്റിനെ നിയമിച്ചു കൊണ്ടുള്ള ഫാറം 8 ലുള്ള നോട്ടീസ് വരണാധികാരിക്ക് നൽകാം.

നിക്ഷേപതുക പണമായി നൽകാം

നാമനിർദ്ദേശപത്രികയോടൊപ്പം കെട്ടിവയ്ക്കേണ്ട നിക്ഷേപതുക വരണാധികാരിക്ക് പണമായി നൽകാം. കൂടാതെ, ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിലും, ട്രഷറിയിലും തുക അടയ്ക്കാം.

ടൈംടേബിൾ പ്രസിദ്ധീകരിച്ചു

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡിസംബർ 1ന് ആരംഭിക്കുന്ന ആയുർവേദ തെറാപ്പിസ്റ്റ്, ആയുർവേദ നഴ്സ് ആയുർവേദ പാരാമെഡിക്കൽ കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളജ് മാത്രമാണ് പരീക്ഷാസെന്റർ. പരീക്ഷാ ടൈം ടേബിൾ എല്ലാ സർക്കാർ/ എയിഡഡ് ആയുർവേദ കോളജുകളിലും സ്വാശ്രയ ആയുർവേദ കോളജുകളിലും/ സ്ഥാപനങ്ങളിലും www.govtayurvedacollegetvm.nic.in, www.gack.kerala.gov.in, www.ayurvedacollege.ac.in വെബ്സൈറ്റുകളിലും ലഭ്യമാണ്. ഹാൾടിക്കറ്റ് നവംബർ 25 മുതൽ പരീക്ഷ സെന്ററായ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളജിൽനിന്നും വിതരണം ചെയ്യും. മറ്റ് ജില്ലകളിൽ നിന്നുള്ള വിദ്യാർഥികൾക്ക് പരീക്ഷാ ദിവസങ്ങളിൽ ഹാൾടിക്കറ്റ് കൈപ്പറ്റാം. പരീക്ഷയിൽ പങ്കെടുക്കുമ്പോൾ വിദ്യാർഥികൾ ഹാൾടിക്കറ്റിനോടൊപ്പം ഏതെങ്കിലും അംഗീകരിക്കപ്പെട്ട തിരിച്ചറിയൽ രേഖ കൂടി കൈവശം കരുതണം.

മലയാളി ഹോം നഴ്സ് ഇസ്രയേലിൽ അപകടത്തിൽ മരിച്ചു

കോട്ടയം: മലയാളി യുവതി ഇസ്രയേലിൽ അപകടത്തിൽ മരിച്ചു. കോട്ടയം ചങ്ങനാശേരി കുറിച്ചി തുരുത്തി മുട്ടത്തിൽ വിഷ്ണുവിന്റെ ഭാര്യ ശരണ്യ പ്രസന്നൻ (34) ആണ് മരിച്ചത്. ഇസ്രയേലിൽ ഹോം നഴ്സായിരുന്നു. ശരണ്യ ചൊവ്വാഴ്ച അപകടത്തിൽപ്പെട്ടുവെന്നാണ് കുടുംബത്തിന് ലഭിച്ച വിവരം.

ഒമാനിൽ ഒരു കുടുംബത്തിലെ ആറുപേർ വീട്ടിൽ മരിച്ച നിലയിൽ

ദുബായ്: ഒമാനിൽ ഒരു കുടുംബത്തിലെ ആറുപേരെ മരിച്ച നിലയിൽ കണ്ടെത്തി. ഭർത്താവും ഭാര്യയും നാല് കുട്ടികളും അടങ്ങുന്ന കുടുംബമാണ് മരിച്ചത്.

മസ്കറ്റ് ഗവർണറേറ്റിലെ ആമിറാത്ത് വിലായത്തിലെ അൽ അത്കിയ പ്രദേശത്തുള്ള വസതിയിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്.

ഉറങ്ങിക്കിടക്കുമ്പോൾ കാർബൺ മോണോക്സൈഡ് വാതകം ശ്വസിച്ചതാകാം മരണകാരണമെന്നാണ് പ്രാഥമിക വിലയിരുത്തൽ. സംഭവത്തെക്കുറിച്ച് ഓപ്പറേഷൻസ് സെൻററിന് വിവരം ലഭിക്കുകയും പോലീസ് ഉടൻ ഇടപെടൽ നടത്തുകയുമായിരുന്നു. മരണത്തിന്റെ കൃത്യമായ കാരണം കണ്ടെത്താൻ അധികൃതർ അന്വേഷണം തുടരുകയാണ്.

വൈഷ്ണയുടെ വോട്ട് വെട്ടിയതിന് പിന്നിൽ ഗൂഢാലോചന: അന്വേഷണം വേണമെന്ന് വി. ഡി. സതീശൻ

തിരുവനന്തപുരം: മുട്ടടയിലെ യുഡിഎഫ് സ്ഥാനാർത്ഥി വൈഷ്ണ സുരേഷിന്റെ വോട്ട് വെട്ടിയതിനു പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. തിരുവനന്തപുരത്തെ പ്രധാന സിപിഎം നേതാക്കൾക്ക് ഗൂഢാലോചനയിൽ പങ്കുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയമിക്കാൻ കമ്മിഷൻ തയാറാകണം. അന്വേഷണം നടത്തിയില്ലെങ്കിൽ നിയമനടപടി സ്വീകരിക്കും. ഗൂഢാലോചനയിൽ പങ്കാളിയായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യണമെന്നും വി. ഡി. സതീശൻ പറഞ്ഞു.

ശബരിമലയിലെ തിരക്ക്: ഒരു ദിവസം 5000 സ്പോട്ട് ബുക്കിംഗ് മാത്രം

പമ്പ: ശബരിമല ദർശനത്തിന് അനുവദിക്കുന്ന സ്പോട്ട് ബുക്കിംഗ് 5000 ആയി നിജപ്പെടുത്തി. ഹൈക്കോടതി നിർദ്ദേശത്തെ തുടർന്നാണ് തീരുമാനം. നിലയ്ക്കൽ, വണ്ടിപ്പെരിയാർ കേന്ദ്രങ്ങളിൽ മാത്രമായിരിക്കും സ്പോട്ട് ബുക്കിംഗ് ലഭ്യമാകുക.

പമ്പ, എരുമേലി, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ സ്പോട്ട് ബുക്കിംഗ് താൽക്കാലികമായി നിർത്തിവച്ചു. നവംബർ 24 വരെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ശബരിമല ദർശനത്തിന് എത്തുന്ന ഭക്തർ പരമാവധി വെർച്വൽ ക്യൂ വഴി ദർശനത്തിനുള്ള സ്ലോട്ട് ഉറപ്പാക്കി ദർശനം നടത്തണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അഭ്യർഥിച്ചു.

വീണ്ടും സംസ്ഥാന പര്യടനത്തിനൊരുങ്ങി വിജയ്

ചെന്നൈ: കരൂർ ദുരന്തത്തിനുശേഷം വീണ്ടും സംസ്ഥാന പര്യടനത്തിനൊരുങ്ങി നടനും തമിഴകം വെട്രി കഴകം (ടിവികെ) അധ്യക്ഷനുമായ വിജയ്. ഡിസംബർ ആദ്യ വാരം പൊതുയോഗം നടത്താനാണ് നീക്കം.

രണ്ട് ജില്ലകളിൽ രണ്ട് യോഗങ്ങൾ വീതമായിരിക്കും നടത്തുക. സേലത്ത് മൂന്ന് സ്ഥലങ്ങൾ ടിവികെ നിർദേശിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച അപേക്ഷ സേലം പോലീസിന് ടിവികെ നൽകി.

ഡിസംബർ നാലിന് സേലത്തുവച്ച് പൊതുയോഗം നടത്താനാണ് നിലവിലെ നീക്കം. ആഴ്ചയിൽ നാല് യോഗം വീതമാണ് ഉണ്ടാകുക. ബുധനാഴ്ചയും ശനിയാഴ്ചയും യോഗങ്ങൾ നടത്താനാണ് ആലോചന. കരൂർ ദുരന്തത്തോടെ വിജയ് പര്യടനം നിർത്തിവെച്ചിരുന്നു.

വെള്ളിയാഴ്ച മുതൽ മഴ ശക്തമാകും; ഏഴു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് വെള്ളിയാഴ്ച മുതൽ മഴ ശക്തമാകുമെന്ന് കാലാവസ്ഥാ പ്രവചനം. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

വെള്ളിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ യെല്ലോ അലർട്ടാണ്. ശനിയാഴ്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലും ഞായറാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഇന്ന് ആൻഡമാൻ കടൽ, അതിനോട് ചേർന്ന തെക്ക് കിഴക്കൻ- മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

വെള്ളിയാഴ്ച ആൻഡമാൻ കടൽ അതിനോട് ചേർന്ന തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. മേൽപ്പറഞ്ഞ തീയതികളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

ചൈനയിൽനിന്ന് ഏറ്റവും കൂടുതൽ വായ്പ സ്വീകരിക്കുന്ന രാജ്യമായി അമേരിക്ക

വാഷിംഗ്ടൺ ഡിസി: അമേരിക്ക ചൈനയിൽനിന്ന് 2000-2023 കാലയളവിൽ 20, 000 കോടി ഡോളറിലേറെ (18 ലക്ഷം കോടിയോളം രൂപ) വായ്പ സ്വീകരിച്ചതായി റിപ്പോർട്ട്.

ഇക്കാലയളവിൽ 2.2 ലക്ഷം കോടി ഡോളറിന്റെ വായ്പയാണ് ചൈന ലോകമാകമാനം നൽകിയത്.

ചൈനയിൽനിന്ന് വായ്പയെടുക്കുന്നതിൽ മറ്റു രാജ്യങ്ങളെ വിലക്കുന്ന അമേരിക്കയുടെ ഇരട്ടത്താപ്പാണ് റിപ്പോർട്ടിലൂടെ വ്യക്തമാകുന്നത്. യുഎസിലെ വില്യം ആൻഡ് മേരി സർവകലാശാലയിലെ ഗവേഷണ ലാബായ എയ്ഡ്ഡേറ്റ പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് ഇക്കാര്യം പറയുന്നത്. ടെക് സസിലെയും ലൂയിസിയാനയിലെയും എൽഎൻജി പദ്ധതികൾ, വിവിധ വിമാനത്താവളങ്ങളുടെ വികസനം തുടങ്ങിയവയ്ക്കെല്ലാം ചൈനീസ് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ബാങ്കുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നാണ് അമേരിക്കൻ സ്ഥാപനങ്ങൾ വായ്പയെടുത്തതായി റിപ്പോർട്ടിൽ പറയുന്നത്.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ആഗോളതലത്തിൽ ചൈനയിൽനിന്ന് ഏറ്റവും കൂടുതൽ വായ്പ സ്വീകരിക്കുന്ന രാജ്യങ്ങളിലൊന്ന് അമേരിക്കയാണ്. 2000 നും 2023 നും ഇടയിൽ 200 ലധികം രാജ്യങ്ങളിലായി 2.2 ട്രില്യൺ ഡോളറിന്റെ സഹായം ചൈന നൽകി. ചൈനീസ് ധനസഹായം വികസ്വര രാജ്യങ്ങളിലേക്ക് ഒഴുകിയെത്തിയിട്ടുണ്ടെന്ന പൊതു അനുമാനത്തിന് വിരുദ്ധമാണ് റിപ്പോർട്ട്.

പൊട്ടിത്തെറികൾ മറനീക്കി പുറത്ത്: പ്രമുഖർ സ്വതന്ത്രരായി മത്സര രംഗത്തേക്ക്

കുളത്തൂപ്പുഴ: കിഴക്കൻ മലയോര മേഖലയിൽ ഏറ്റവും വലിയ പഞ്ചായത്തായ കുളത്തൂപ്പുഴയിൽ സ്ഥാനാർഥി നിർണയവുമായി ബന്ധപ്പെട്ട് ദിവസങ്ങളായി തുടരുന്ന ചർച്ചകൾക്കും തർക്കങ്ങൾക്കും ഒടുവിൽ മുന്നണികൾ സ്ഥാനാർഥി പ്രഖ്യാപനം നടത്തിയതോടെ പൊട്ടിത്തെറികൾ മറനീക്കി പുറത്തേക്ക്.

സ്ഥാനാർഥിത്വം പ്രതീക്ഷിച്ച പലർക്കും അവസരം ലഭിക്കാതെ വന്നതോടെ പ്രമുഖ നേതാക്കൾ തങ്ങളുടെ അഭിപ്രായ ഭിന്നതകൾ വ്യക്തമാക്കി കൊണ്ട് സ്വതന്ത്ര സ്ഥാനാർഥികളായി മത്സര രംഗത്തേക്ക് എത്തുകയാണ്.

ഏറെക്കാലമായി കുളത്തൂപ്പുഴ പഞ്ചായത്തംഗവും വനിതാ സംഘടനാ നേതാവും സിപിഎം ഏരിയാ കമ്മിറ്റി അംഗവും നിലവിലെ പഞ്ചായത്ത് പ്രസിഡൻറുമായ പി. ലൈലാ ബീവി പാർട്ടി സ്ഥാനങ്ങൾ രാജി വെച്ച് സ്വതന്ത്രയായി മത്സര രംഗത്തേക്കിറങ്ങിയിരിക്കുകയാണ്.

പാർട്ടി നേതൃത്വത്തിലെ ചിലർ ജനാധിപത്യ മര്യാദകൾ മറന്ന് വ്യക്തമായ പക്ഷപാതത്തോടെയാണ് സ്ഥാനാർഥി നിർണയത്തിന് പിന്നിൽ പ്രവർത്തിച്ചതെന്ന് ആരോപിച്ചാണ് പാർട്ടി സ്ഥാനങ്ങൾ ലൈലാ ബീവി രാജി വച്ചൊഴിഞ്ഞത്. അതേ സമയം യുഡിഎഫിലെ സ്ഥിതിയും മറിച്ചല്ല. പ്രാദേശികമായി സാധ്യതയുള്ളവരെ ഒഴിവാക്കി നേതൃത്വത്തിന് താല്പര്യമുള്ളവരെ സ്ഥാനാർഥികളാക്കുന്ന രീതിയോട് പ്രതികരിച്ചു കൊണ്ട് നിരവധി പേരാണ് മത്സര രംഗത്തേക്കെത്തുന്നത്.

വർഷങ്ങളായി മികച്ച പ്രകടനം കാഴ്ചവെച്ച് വിജയിച്ചിരുന്ന സീറ്റ് നൽകാതെ യാതൊരു സാധ്യതയുമില്ലാത്തവാർഡിൽ സീറ്റ് നൽകാമെന്ന നിർദേശം വന്നതോടെയാണ് പാർട്ടി വാഗ്ദാനം അവഗണിച്ച് മഹിളാ കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡൻറ് സിസിലി ജോബ് സ്വതന്ത്ര സ്ഥാനാർഥിയായി അങ്കത്തിനിറങ്ങിയിരിക്കുന്നത്. കഴിഞ്ഞ ദിവസം ഔദ്യോഗിക സ്ഥാനാർഥി പ്രഖ്യാപനം നടക്കുന്നതുവരെ ബ്ലോക്ക് പഞ്ചായത്ത് സ്ഥാനാർഥിയായി നേതൃത്വം പറഞ്ഞിരുന്നത് യൂത്ത് കോൺഗ്രസ് നേതാവായ മനോജ് ജി. നായരുടെ പേരായിരുന്നു.

എന്നാൽ കഴിഞ്ഞ ദിവസം വൈകുന്നേരത്തോടെ മനോജ് ജി. നായരുടെ പേരു വെട്ടുകയായിരുന്നു. സംഭവത്തിനു പിന്നിൽ പ്രദേശത്തെ ചില നേതാക്കളുടെ രാഷ്ട്രീയ ഗൂഢാലോചനയാണെന്ന് ആരോപിച്ച് ഒരു യുവ നേതാവും രംഗത്തെത്തിയിട്ടുണ്ട്. ഔദ്യോഗിക സ്ഥാനാർഥി പട്ടിക ഇരു മുന്നണികളും പുറത്തിറക്കിയെങ്കിലും പ്രാദേശികമായി സാധ്യതയുള്ളവരെ ഒഴിവാക്കിയുള്ള തീരുമാനം സംബന്ധിച്ച് പ്രവർത്തകരോട് നേതൃത്വം മറുപടി പറയേണ്ടി വരുമെന്നും തെരഞ്ഞെടുപ്പിൽ ഇതു പലയിടത്തും സ്വതന്ത്ര സ്ഥാനാർഥികളെയും പ്രതികൂല സാഹചര്യവും സൃഷ്ടിക്കുമെന്നുമുള്ള സൂചനകളാണ് പുറത്ത് വരുന്നത്.

അധ്യാപകർ വഴക്ക് പറഞ്ഞതിനെ തുടർന്ന് ജീവനൊടുക്കാൻ ശ്രമം; വിദ്യാർഥിനി ചികിത്സയിലിരിക്കെ മരിച്ചു

വാൽപാറ: തമിഴ്നാട്ടിൽ അധ്യാപകർ വഴക്ക് പറഞ്ഞതിനെ തുടർന്ന് ജീവനൊടുക്കാൻ ശ്രമിച്ച വിദ്യാർഥിനി ചികിത്സയിലിരിക്കെ മരിച്ചു. സർക്കാർ ഹയർ സെക്കൻററി സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർഥിനിയാണ് മരിച്ചത്.

വാൽപാറ റൊട്ടിക്കടയിലാണ് സംഭവം നടന്നത്. പഠനത്തിൽ മോശമാണെന്ന് ആരോപിച്ച് പതിനാലുകാരിയെ അധ്യാപകർ വഴക്കുപറഞ്ഞിരുന്നു. കുട്ടിയെ ക്ലാസിൽ ഒറ്റയ്ക്ക് ഇരുത്തിയതായും കുടുംബം ആരോപിക്കുന്നു.

ഇതേ തുടർന്ന് മാനസിക സമ്മർദത്തിലായ കുട്ടി സ്കൂളിൽ പോകാൻ വിസമ്മതിച്ചു. മാതാപിതാക്കൾ സ്കൂളിൽ പോകാൻ കുട്ടിയെ നിർബന്ധിച്ചതിന് പിന്നാലെ വീട്ടിലുണ്ടായിരുന്ന മണ്ണെണ്ണ ഉപയോഗിച്ച് ആത്മഹത്യക്ക് ശ്രമിക്കുകയായിരുന്നു.

ഗുരുതരമായി പൊള്ളലേറ്റ കുട്ടി കോയമ്പത്തൂർ സർക്കാർ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. സംഭവത്തിൽ കേസെടുത്ത വാൽപാറ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

കണ്ണൂരിൽ ലോറി മറിഞ്ഞ് ഒരാൾ മരിച്ചു; ഏഴ് പേർക്ക് പരിക്ക്

കണ്ണൂർ: താവുകുന്നിൽ നിയന്ത്രണം നഷ്ടപ്പെട്ട ലോറി മറിഞ്ഞ് ഛത്തീസ്ഗഢ് സ്വദേശിക്ക് ദാരുണാന്ത്യം. ഛത്തീസ്ഗഢ് സ്വദേശി നന്ദുലാൽ (22) ആണ് അപകടത്തിൽ മരിച്ചത്. അപകടത്തിൽ ഏഴ് പേർക്ക് പരിക്കേറ്റിട്ടുണ്ട്.

ഉച്ചയ്ക്ക് 12.30ന് ആയിരുന്നു അപകടം സംഭവിച്ചത്. ലോറിയുടെ കാബിനിലും പിന്നിലുമായി എട്ട് പേരുണ്ടായിരുന്നു. നിയന്ത്രണം നഷ്ടപ്പെട്ട ലോറി സമീപത്തെ തോട്ടിലേക്ക് മറിഞ്ഞതോടെ നന്ദുലാൽ ലോറിക്ക് അടിയിൽ പെടുകയായിരുന്നു. കുഴൽക്കിണറിന്റെ പണി കഴിഞ്ഞ് വരികയായിരുന്ന തൊഴിലാളികളാണ് ലോറിയിലുണ്ടായിരുന്നത്. അപകടത്തിന് പിന്നാലെ നാട്ടുകാരും ഫയർഫോഴ്സും ചേർന്ന് നടത്തിയ രക്ഷാപ്രവർത്തനത്തിലാണ് തൊഴിലാളികളെ പുറത്തെത്തിക്കാനായത്.

രാത്രി റോഡിൽ കിടന്ന വയോധികയെ അഗ്നിശമന നിലയത്തിലെ ജീവനക്കാരൻ വീട്ടിലെത്തിച്ചു

ശാസ്താംകോട്ട: ശാസ്താംകോട്ട റെയിൽവേ സ്റ്റേഷന് തെക്ക് വേങ്ങ ഭാഗത്ത് രാത്രി റോഡിൽ കിടക്കുകയായിരുന്ന പടിഞ്ഞാറെ കല്ലട സ്വദേശിനിയായ 75 കാരിയെ പത്തനംതിട്ട അഗ്നിശമന നിലയത്തിലെ ജീവനക്കാരനായ മനോജ് ഇടപ്പെട്ട് വീട്ടിൽ എത്തിച്ചു.

മാനസികനില തെറ്റി രാത്രി ഇവർ റോഡിൽ കിടക്കുന്നത് ബന്ധുവീട്ടിൽ പോയിട്ട് തിരികെ വന്ന മനോജിന്റെ ശ്രദ്ധയിൽപ്പെടുകയായിരുന്നു. മനോജ് സുഹൃത്തായ ശക്തികുളങ്ങര ഗണേശന്റെ സഹായത്തോടെ ആംബുലൻസ് ഏർപ്പാട് ചെയ്ത് ശാസ്താംകോട്ട പോലീസിന്റെ അറിവോടെ പടിഞ്ഞാറെ കല്ലട വെട്ടോലിയിലുള്ള ജ്യേഷ്ഠത്തിയുടെ വീട്ടിൽ എത്തിക്കുകയായിരുന്നു. മാനസിക അസ്വസ്ഥത ഉള്ളതിനാൽ ഏറെക്കാലമായി ചികിത്സയിലാണ് ഇവർ. ഒരു കൈ സ്വാധീന കുറവുള്ള നിലയിലാണ്. അവിവാഹിതയാണ്. കാണാനില്ലെന്ന് കരുതി പോലീസിൽ പരാതി കൊടുക്കാൻ ബന്ധുക്കൾ തയാറെടുക്കുമ്പോഴാണ് മനോജ് വൃദ്ധയെ ഇവരുടെ അടുക്കൽ എത്തിച്ചത്.

മൂന്നാറിൽ വിദ്യാർഥികളുമായി വിനോദ യാത്രയ്ക്കെത്തിയ ജീപ്പ് മറിഞ്ഞ് നാല് പേർക്ക് പരിക്ക്

ഇടുക്കി: മൂന്നാർ മാട്ടുപ്പെട്ടിക്ക് സമീപം സ്കൂൾ വിദ്യാർഥികളുമായി വിനോദ യാത്രയ്ക്ക് വന്ന ജീപ്പ് താഴ്ചയിലേക്ക് മറിഞ്ഞ് നാല് വിദ്യാർഥികൾക്ക് പരിക്കേറ്റു.

തമിഴ്നാട്ടിൽനിന്നും എത്തിയ കുട്ടികൾ സഞ്ചരിച്ചിരുന്ന ജീപ്പാണ് താഴ്ചയിലേക്ക് മറിഞ്ഞത്. പരിക്കേറ്റ ഒരു കുട്ടിയുടെ നില ഗുരുതരമാണ്. ഈ കുട്ടിയെ വിദഗ്ധ ചികിത്സക്കായി എറണാകുളത്തെ ആശുപത്രിയിലേക്ക് മാറ്റി. പരിക്കേറ്റ മറ്റു കുട്ടികൾ മൂന്നാറിലെ ആശുപത്രിയിൽ ചികിത്സ തേടി.

1,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം നവംബർ 25ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/380/2025ഫിൻ. തിയതി 20.11.2025) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾ: സ്പെഷ്യൽ അലോട്ട്മെന്റ് 22ന്

2024-25 അദ്ധ്യയന വർഷത്തെ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിൽ പ്രവേശനത്തിനുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് നവംബർ 22ന് നടക്കും. ംംം.ഹയരെലിേ്വല.സലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ 22 ഉച്ചയ്ക്ക് 1 മണിക്കകം ഓൺലൈനായി പുതിയ ഓപ്ഷനുകൾ സമർപ്പിക്കണം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കുന്നതല്ല. മുൻ അലോട്ട്മെന്റുകൾ വഴി സർക്കാർ കോളേജുകൾ ഒഴികെ മറ്റ് കോളേജുകളിൽ പ്രവേശനം നേടിയർ ചേരഹ ധനിരാക്ഷേപപത്രംപ ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് അപ്ലോഡ് ചെയ്യണം. അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീസ് അടച്ച് അതത് കോളേജുകളിൽ 24 നകം പ്രവേശനം നേടണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, 364, www.lbscentre.kerala.gov.in.

പ്രവേശന പരീക്ഷ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2025 ഡിസംബർ 7ന് പരീക്ഷാ ഭവനിൽ വച്ച് നടക്കുന്ന രാഷ്ട്രിയ ഇന്ത്യൻ മിലിട്ടറി കോളേജ്, ഡെറാഡൂണിലേക്കുള്ള പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ്, സമയവിവര പട്ടിക എന്നിവ പരീക്ഷാ ഭവന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (https://pareekshabhavan.kerala.gov.in) ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളിൽ ആർക്കെങ്കിലും അഡ്മിഷൻ ടിക്കറ്റ് ലഭിച്ചിട്ടില്ലായെങ്കിൽ തിരിച്ചറിയൽ രേഖയുമായി വന്ന് ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റ് കൈപ്പറ്റേണ്ടതാണ്.

ഇന്ന് വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള സമയപരിപരിധി ഇന്ന് (നവം. 21) വൈകിട്ട് 3 മണിക്ക് അവസാനിക്കും. നവംബർ 22ന് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടത്തും. സൂക്ഷ്മ പരിശോധനയ്ക്കുശേഷം മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടിക റിട്ടേണിംഗ് ഓഫീസർ പ്രസിദ്ധീകരിക്കും.

സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി നവംബർ 24 (തിങ്കൾ) വൈകിട്ട് 3 മണി വരെയാണ്. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന സമയത്തിന് ശേഷം റിട്ടേണിംഗ് ഓഫീസർ, മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിക്കും. മലയാളം അക്ഷരമാലാക്രമത്തിലാണ് സ്ഥാനാർത്ഥികളുടെ പേര് പട്ടികയിൽ ഉൾപ്പെടുത്തുക. സ്ഥാനാർത്ഥിയുടെ പേര്, വിലാസം, അനുവദിച്ച ചിഹ്നം എന്നിവയാണ് പട്ടികയിലുണ്ടാവുക. റിട്ടേണിംഗ് ഓഫീസറുടെ ഓഫീസിലും ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഓഫീസിലും മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടിക പരസ്യപ്പെടുത്തും.

ഖഷോഗി വധം: മുഹമ്മദ് ബിൻ സൽമാന് ട്രംപിന്റെ ക്ലീൻ ചിറ്റ്

വാഷിംഗ്ടൺ ഡിസി: സൗദി-യുഎസ് ബന്ധം വഷളാക്കിയ ഖഷോഗി വധത്തെക്കുറിച്ച് സൗദി ഭരണനിയന്താവ് മുഹമ്മദ് ബിൻ സൽമാൻ രാജകുമാരന് ഒന്നുമറിയില്ലായിരുന്നുവെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ പ്രഖ്യാപനം. മുഹമ്മദ് ബിൻ സൽമാന് വൈറ്റ്ഹൗസിൽ ഊഷ്മള സ്വീകരണം നല്കി കൂടിക്കാഴ്ച നടത്തിയശേഷം സംയുക്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ട്രംപ്.

"കാര്യങ്ങൾ സംഭവിച്ചു, പക്ഷേ മുഹമ്മദ് ബിൻ സൽമാന് അതേക്കുറിച്ച് ഒന്നുമറിയില്ല, നമുക്ക് ആ വിഷയം അവിടെ ഉപേക്ഷിക്കാം"- ഖഷോഗിവധത്തെക്കുറിച്ചുള്ള മാധ്യമപ്രവർത്തകന്റെ ചോദ്യത്തിന് ട്രംപ് മറുപടി നല്കി. ഖഷോഗിവധത്തെക്കുറിച്ചു ചോദിച്ച് തന്റെ അതിഥിയെ അപമാനിക്കാൻ ശ്രമിച്ചുവെന്നു മാധ്യമപ്രവർത്തകനെ ശകാരിക്കാനും ട്രംപ് തയാറായി.

ഖഷോഗിവധം വേദനാജനകമായ സംഭവമായിരുന്നുവെന്നു മുഹമ്മദ് ബിൻ സൽമാൻ പറഞ്ഞു. പക്ഷേ വിഷയത്തിൽ സൗദി സർക്കാർ ശരിയായ നടപടികളെല്ലാം ചെയ്തു. അങ്ങനെയൊരു സംഭവം ആവർത്തിക്കാതിരിക്കാനായായി സൗദിയിലെ സംവിധാനങ്ങൾ പരിഷ്കരിച്ചു. ഖഷോഗി സംഭവം വേദനയുളവാക്കുന്ന വലിയ തെറ്റായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സൗദി ഭരണകൂടത്തിന്റെ നിശിത വിമർശകനായിരുന്ന ജമാൽ ഖഷോഗി 2018ൽ തുർക്കിയിലെ ഇസ്താംബൂളിലുള്ള സൗദി കോൺസുലേറ്റിൽ കൊല്ലപ്പെടുകയായിരുന്നു. സൗദിയിൽനിന്നെത്തിയ സംഘമാണു കൊല നടത്തിയത്. മൃതദേഹം കണ്ടെത്താനാവാത്തവിധം നശിപ്പിച്ചുകളഞ്ഞതായി അനുമാനിക്കുന്നു.

മുഹമ്മദ് ബിൻ സൽമാന്റെ ഉത്തരവു പ്രകാരമാണ് ഖഷോഗിവധം നടന്നതെന്ന് യുഎസ് ഇൻറലിജൻസ് ഏജൻസികൾ കണ്ടെത്തിയിരുന്നു. ഇതേത്തുടർന്ന് മുൻ അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡനും മറ്റു പാശ്ചാത്യ ശക്തികളും മുഹമ്മദ് ബിൻ സൽമാനെ ഒറ്റപ്പെടുത്തുന്ന സമീപനമാണു കൈക്കൊണ്ടത്. ഈ ഒറ്റപ്പെടലിന് അവസാനം തേടിക്കൂടിയാണ് ഏഴു വർഷത്തിനുശേഷം മുഹമ്മദ് ബിൻ സൽമാൻ യുഎസിലെത്തിയത്.

സൗദിക്ക് എഫ് 35

യുഎസ്-സൗദി ബന്ധത്തിൽ പുതിയ മാനങ്ങൾ സൃഷ്ടിക്കുന്ന കരാറുകൾക്കാണ് മുഹമ്മദ് ബിൻ സൽമാന്റെ സന്ദർശനം വഴിയൊരുക്കിയത്. സൗദിക്ക് അത്യാധുനിക എഫ്-35 യുദ്ധവിമാനങ്ങൾ നല്കാൻ പ്രസിഡൻറ് ട്രംപ് സമ്മതിച്ചതാണ് ഇതിലൊന്ന്. പശ്ചിമേഷ്യയിലെ സൈനിക ശക്തിയിൽ ഇസ്രയേൽ പുലർത്തുന്ന മേൽക്കോയ്മയ്ക്കു വെല്ലുവിളി ഉയർത്തുന്ന തീരുമാനമാണിത്. നിലവിൽ മേഖലയിൽ ഇസ്രയേലിനു മാത്രമാണ് എഫ്-35 ഉള്ളത്.

സൗദിയിൽ ആണവോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനു ചർച്ചകൾ ത്വരിതപ്പെടുത്താനും തീരുമാനമായി. മേയിൽ ട്രംപിന്റെ സൗദി സന്ദർശനവേളയിൽ യുഎസിൽ നിക്ഷേപിക്കാമെന്നു വാഗ്ദാനം ചെയ്ത 60, 000 കോടി ഡോളർ ഒരു ലക്ഷം കോടി ഡോളറായി ഉയർത്തുമെന്ന് മുഹമ്മദ് ബിൻ സൽമാൻ അറിയിച്ചു.

ജില്ലാപഞ്ചായത്ത് വികസനം: ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കി: സാം കെ. ഡാനിയേൽ

കൊല്ലം: രാജ്യത്തിനു തന്നെ മാതൃകയായ ബൃഹത്തായ പദ്ധതികളാണ് കൊല്ലം ജില്ലാപഞ്ചായത്തിനു കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ചെയ്യാനായതെന്നു മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സാം കെ. ഡാനിയൽ. തദ്ദേശ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു കൊല്ലം പ്രസ് ക്ലബ്, എസ്ബിഐ ഓഫീസേഴ്സ് അസോസിയേഷന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ദേശപ്പോര് സംവാദ പരിപാടിയിൽ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സാം കെ. ഡാനിയലും പ്രതിപക്ഷനിരയിൽ നിന്നും സി. പി. സുധീഷ് കുമാറുമാണ് പങ്കെടുത്തത്. പ്രസ് ക്ലബ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എ. കെ. എം. ഹുസൈൻ മോഡറേറ്ററായിരുന്നു.

ജീവനം പദ്ധതിയിലൂടെ നിരവധി പേർക്കാണ് ആശ്വാസം പകർന്നതെന്ന് സാം കെ. ഡാനിയൽ പറഞ്ഞു.

ആയുർ പാലിയം, കിടപ്പു രോഗികൾക്ക് ആശ്വാസമായി ആയുവേദ ഡോക്ടർ, പാലിയേറ്റീവ് കെയർ, ഓട്ടിസം ക്ലിനിക്, മൊബൈൽ മോർച്ചറി, വിക്ടോറിയ ഹോസ്പിറ്റലിലെ അമ്മക്കായ്, പ്രസവിച്ച സ്ത്രീകൾക്കുള്ള പ്രസവ കിറ്റ്, വന്ദനം, ജനനി, വന്ധ്യതാ ചികിത്സ എന്നിവയൊക്കെ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികളാണെന്നു അദ്ദേഹം അവകാശപ്പെട്ടു. എസ്സിഎസ്ടി മേഖലയിൽ മാലാഖ കൂട്ടത്തിനു പുറമെ നിബോധിത, കാവൽ, സ്കിൽ ടെക്, എസ് സി വനിതാ വ്യവസായ എസ്റ്റേറ്റ് പദ്ധതികൾ നടപ്പാക്കി.

വനിതകൾക്കായി ജെൻഡർ റിസോഴ്സ് സെൻറർ, മഹിളാ മിത്രം, ഗൃഹശ്രീ, സോപാനം, മാ കെയർ, പാരാ മെഡിക്കൽ ടെക്ക്, സാമൂഹ്യക്ഷേമ രംഗത്ത് സീനിയർ സെൻറർ, ആശ്രയം, ഉണർവ്, ശ്രുതി മധുരം, ബഡ്സ് സ്കൂൾ, പ്രതീക്ഷ എന്നീ പദ്ധതികളും ട്രാൻജൻഡർ ക്ഷേമ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെന്നും സാം കെ. ഡാനിയൽ പറഞ്ഞു. കോവിഡ് കാലത്തെ വെല്ലുവിളികൾ അതിജീവിച്ചു കൊണ്ടാണ് ജില്ലാ പഞ്ചായത്തിന്റെ ഭരണം. ചവറയിൽ ഒരു സ്കൂൾ ആശുപത്രിയാക്കി മാറ്റിക്കൊണ്ടായിരുന്നു ജില്ലാ പഞ്ചായത്ത് കോവിഡിനെ നേരിട്ടത്. കെഎംഎംഎല്ലിൽ നിന്നുള്ള സഹായം കൊണ്ട് ഓക്സിജൻ സിലിണ്ടർവരെ ആശുപത്രിയിൽ എത്തിക്കാനായി. തീരാത്ത വികസന പദ്ധതികളാണ് ജില്ലാ പഞ്ചായത്ത് നടപ്പാക്കിയതെന്ന് അദ്ദേഹംഅവകാശപ്പെട്ടു.

അമേരിക്കയുടെ അതിർത്തി തുറന്നിടണമെന്ന് ആരു പറഞ്ഞു: ലെയോ പാപ്പാ

വത്തിക്കാൻ: ആര്, എപ്പോൾ, എങ്ങനെ ഒരു രാജ്യത്തേക്കു പ്രവേശിക്കണമെന്നു തീരുമാനിക്കാൻ ഓരോ രാജ്യത്തിനും അവകാശമുണ്ടെന്ന് ലെയോ പതിനാലാമൻ മാർപാപ്പ. എന്നാൽ, കുടിയേറ്റക്കാരായി എത്തപ്പെട്ടവരോടു മനുഷ്യത്വപരമായി പെരുമാറാൻ എല്ലാവർക്കും ബാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. തന്റെ വേനൽക്കാല വസതിയായ കസ്തേൽ ഗണ്ടോൾഫോയിലെ വില്ലയ്ക്കു പുറത്തു മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. അമേരിക്കയുടെ അതിർത്തികൾ തുറന്നിടണമെന്ന് ആരും ആവശ്യപ്പെടുന്നില്ല. ആളുകളെ എപ്പോൾ എങ്ങനെ രാജ്യത്തേക്കു പ്രവേശിപ്പിക്കണമെന്നത് ആ രാജ്യത്തിന്റെ വിവേചനാധികാരമാണ്. അതേസമയം, ഇക്കാര്യത്തിൽ ചില മനുഷ്യത്വപരമായ കാര്യങ്ങൾ പാലിക്കേണ്ടതുണ്ട്.

അമേരിക്കയിൽ പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ കുടിയേറ്റ നയങ്ങളെ വിമർശിച്ച് യുഎസ് കോൺഫറൻസ് ഓഫ് കാത്തലിക് ബിഷപ്സ് പുറപ്പെടുവിച്ച സന്ദേശത്തെക്കുറിച്ചുള്ള ചോദ്യത്തിനായിരുന്നു മാർപാപ്പയുടെ പ്രതികരണം. കുടിയേറ്റക്കാരെ കൂട്ടത്തോടെ നാടുകടത്തുന്നതിനെയും മനുഷ്യത്വരഹിതമായി പെരുമാറുന്നതിനെയും ബിഷപ്പുമാർ ഇടയലേഖനത്തിൽ വിമർശിച്ചിരുന്നു. ബിഷപ്പുമാരുടെ സന്ദേശം പ്രധാനപ്പെട്ട ഒന്നാണെന്നു ലെയോ പാപ്പാ പറഞ്ഞു. എല്ലാ കത്തോലിക്കരുടെയും സന്മനസുള്ള ആളുകളുടെയും ശ്രദ്ധ അതിലേക്കു ഞാൻ ക്ഷണിക്കുകയാണ്.

കുടിയേറ്റ നയം നടപ്പിലാക്കുമ്പോൾ, ആളുകളോടു മനുഷ്യത്വപരമായി പെരുമാറാനും അവർക്കുള്ള അതേ മാന്യതയോടെ ഇടപെടാനുമുള്ള വഴികൾ നാം തേടണം. ആളുകൾ നിയമവിരുദ്ധമായി അമേരിക്കയിൽ താമസിക്കുന്നുണ്ടെങ്കിൽ, അവരോടു പെരുമാറാൻ വഴികളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കോടതികളുണ്ട്. നീതിന്യായ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥയിൽ പരിഹരിക്കപ്പെടേണ്ട നിരവധി പ്രശ്നങ്ങളുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

യുഎഇ പൗരന്മാർക്ക് മൂന്ന് വിമാനത്താവളങ്ങളിൽകൂടി വിസാ ഓൺ അറൈവൽ സൗകര്യം

ദുബായ്: യുഎഇയിൽ നിന്നുമുള്ളവർക്ക് മൂന്ന് വിമാനത്താവളങ്ങളിൽകൂടി വിസാ ഓൺ അറൈവൽ സംവിധാനം പ്രഖ്യാപിച്ച് വിദേശകാര്യമന്ത്രാലയം. ഇതോടെ കൊച്ചി, കോഴിക്കോട്, അഹമ്മദാബാദ് വിമാനത്താവളങ്ങളിൽ കൂടി യുഎഇ പൗരന്മാർക്ക് വിസയില്ലാതെ എത്താം.ആദ്യമായി ഇന്ത്യയിലെത്തുന്ന യുഎഇ പൗരന്മാർക്കും പാകിസ്താനിൽ വേരുള്ളവർക്കും ഈ ആനുകൂല്യം ലഭിക്കില്ലെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. ഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ, ഹൈദരബാദ്, ബെംഗളൂരു എന്നിങ്ങനെ ഇന്ത്യയിലെ ആറ് വിമാനത്താവളങ്ങളിലാണ് നിലവിൽ യുഎഇ പൗരന്മാർക്ക് വിസാ ഓൺ അറൈവൽ അനുവദിച്ചിരുന്നത്.

വിമാനത്താവളത്തിൽ നിന്നു വിസ എടുത്തശേഷം രാജ്യത്തെവിടെയും യാത്ര ചെയ്യാം. 2000 രൂപയാണ് ഓൺ അറൈവൽ വിസയ്ക്കുള്ള ഫീസ്. പാസ്പോർട്ടിന് ആറുമാസം കാലാവധി ഉണ്ടായിരിക്കണം. ബിസിനസ്, ടൂറിസം, സമ്മേളനങ്ങൾ, ചികിത്സ തുടങ്ങിയവക്കായി വരുന്നവർക്കാണ് വിസാ ഓൺ അറൈവൽ പ്രധാനമായും ലഭിക്കുക. ഒരു വർഷത്തിൽ എത്ര തവണവേണമെങ്കിലും വിസാ ഓൺ അറൈവൽ ലഭിക്കുമെന്നും വിദേശകാര്യമന്ത്രാലയം വ്യക്തമാക്കി.

നൈജീരിയയിൽ പള്ളി ആക്രമിച്ച് രണ്ടുപേരെ വധിച്ചു

ലാഗോസ്: നൈജീരിയയിൽ തോക്കുധാരികൾ പള്ളി ആക്രമിച്ച് രണ്ടു വിശ്വാസികളെ വധിക്കുകയും ഒട്ടേറെപ്പേരെ തട്ടിക്കൊണ്ടുപോകുകയും ചെയ്തു. സെൻട്രൽ നൈജീരിയയിലെ ഇറുകു പട്ടണത്തിൽ ചൊവ്വാഴ്ചയായിരുന്നു സംഭവമെന്നു റോയിട്ടേഴ്സ് വാർത്താ ഏജൻസിയുടെ റിപ്പോർട്ടിൽ പറയുന്നു. ക്രൈസ്റ്റ് അപ്പസ്തോലിക് പള്ളിയിൽ വൈകുന്നേരം ആറിന് ശുശ്രൂഷ നടക്കുന്നതിനിടെ തോക്കുധാരികൾ അതിക്രമിച്ചുകയറി ആക്രമണം നടത്തുകയായിരുന്നു. പാസ്റ്റർ അടക്കമുള്ളവരെയാണു വനത്തിലേക്കു തട്ടിക്കൊണ്ടുപോയത്. സ്ഥലത്തെത്തിയ പോലീസ് രണ്ടു പേരെ മരിച്ചനിലയിൽ കണ്ടെത്തുകയായിരുന്നു. മരണസംഖ്യ മൂന്നാണെന്നു ദൃക്സാക്ഷികൾ പറഞ്ഞതായും റിപ്പോർട്ടുണ്ട്.

ആക്രമണത്തിന്റെ വീഡിയോ ദൃശ്യം പുറത്തുവന്നു. വെടിയൊച്ചയിൽ ശുശ്രൂഷ തടസപ്പെടുന്നതും വിശ്വാസികൾ രക്ഷപ്പെടാൻ ശ്രമിക്കുന്നതും ആയുധധാരികൾ വിശ്വാസികളുടെ സാധനങ്ങൾ അപഹരിക്കുന്നതും വീഡിയോയിൽ കാണാം. ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ അവസാനിപ്പിച്ചില്ലെങ്കിൽ നൈജീരിയയിൽ സൈനിക നടപടിക്കു മുതിരുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് മുന്നറിയിപ്പു നല്കിയിരുന്നു. ബൊക്കോ ഹറാം അടക്കമുള്ള തീവ്രവാദ ഗ്രൂപ്പുകളാണ് നൈജീരിയയിലെ ക്രൈസ്തവരെ കൂട്ടക്കൊല ചെയ്യുന്നത്. ക്രൈസ്തവ പീഡനം ഇല്ലെന്നാണ് നൈജീരിയൻ സർക്കാർ അവകാശപ്പെടുന്നത്.

റഷ്യൻ ആക്രമണം; യുക്രെയ്നിൽ 20 മരണം

കീവ്: പടിഞ്ഞാറൻ യുക്രെയ്നിലെ ടെർനോപിൽ നഗരത്തിൽ റഷ്യൻ സേന നടത്തിയ വ്യോമാക്രമണത്തിൽ രണ്ടു കുട്ടികളടക്കം 20 പേർ കൊല്ലപ്പെട്ടു; 16 കുട്ടികളടക്കം 66 പേർക്കു പരിക്കേറ്റു.

പടിഞ്ഞാറൻ യുക്രെയ്നിലെ ലുവീവ്, ഇവാനോ-ഫ്രാങ്കിവിസ്ക് മേഖലകളിലും വടക്കൻ യുക്രെയ്നിലെ ഖാർകീവിലും ഉണ്ടായ മറ്റ് ആക്രമണങ്ങളിൽ മറ്റൊരു 30 പേർക്കും പരിക്കേറ്റിട്ടുണ്ട്.

റഷ്യൻ സേന ചൊവ്വാഴ്ച രാത്രി 470 ഡ്രോണുകളും 47 മിസൈലുകളും ഉപയോഗിച്ചു നടത്തിയ ആക്രമണത്തിൽ വൻതോതിലുള്ള നാശമാണുണ്ടായതെന്നു യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കി അറിയിച്ചു. ടെർനോപിൽ നഗരത്തിലെ രണ്ടു ഫ്ലാറ്റുകളുടെ മുകൾനിലകൾ തകർന്നാണു മരണങ്ങൾ സംഭവിച്ചത്.

കെട്ടിടാവശിഷ്ടങ്ങളിൽ ധാരാളം പേർ കുടുങ്ങിക്കിടക്കുന്നതായി സംശയിക്കുന്നു. പടിഞ്ഞാറൻ യുക്രെയ്നിലെ ആക്രമണത്തിൽ വ്യാപകമായി വൈദ്യുതിവിതരണ, ഗതാഗത സംവിധാനങ്ങൾ തകർന്നു.

റഷ്യൻ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ യുക്രെയ്ന്റെ അയൽരാജ്യമായ പോളണ്ടിലെ രണ്ടു വിമാനത്താവളങ്ങളുടെ പ്രവർത്തനം താത്കാലികമായി നിർത്തിവച്ചു. റഷ്യൻ മിസൈലുകളും ഡ്രോണുകളും വ്യോമാതിർത്തി ലംഘിക്കുന്നില്ല എന്നുറപ്പാക്കാനായി പോളണ്ട് യുദ്ധവിമാനങ്ങളെ വിന്യസിച്ചു.

ജമാൽ ഖഷോഗിയുടെ കൊലപാതകത്തിൽ സൗദി കിരീടാവകാശിക്ക് പങ്കില്ല; ന്യായീകരിച്ച് ട്രംപ്

വാഷിംഗ്ടൺ ഡിസി: മാധ്യമപ്രവർത്തകൻ ജമാൽ ഖഷോഗി വധത്തിൽ സൗദി അറേബ്യയ്ക്ക് പങ്കില്ലെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഖഷോഗി കൊല്ലപ്പെട്ടതിനെക്കുറിച്ച് സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാന് ഒന്നും അറിയില്ലായിരുന്നുവെന്നും ട്രംപ് കൂട്ടിച്ചേർത്തു.

വൈറ്റ്ഹൗസിൽ മുഹമ്മദ് ബിൻ സൽമാനുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു ട്രംപ്. ഖഷോഗി വിവാദ വ്യക്തിയായിരുന്നുവെന്നും ചിലപ്പോൾ അരുതാത്തത് സംഭവിക്കുമെന്നും ട്രംപ് പറഞ്ഞു.ഒരു തെറ്റും താൻ ചെയ്തിട്ടില്ലെന്ന് ആ വർത്തിച്ച മുഹമ്മദ് ബിൻ സൽമാൻ, ഖഷോഗിയുടെ മരണം അന്വേഷിക്കാൻ സൗദി അറേബ്യ എല്ലാ കാര്യങ്ങളും ശരിയായി ചെയ്തിരുന്നുവെന്ന് പറഞ്ഞു.

2018 ൽ ജോ ബൈഡന്റെ ഭരണകാലത്താണ് ജമാൽ ഖഷോഗി കൊല്ലപ്പെട്ടത്. ഇതിനു പിന്നാലെ അമേരിക്കസൗദി ബന്ധം ഉലഞ്ഞു. അതിനുശേഷം ഇതാദ്യമായാണ് സൗദി കിരീടാവകാശി യുഎസ് സന്ദർശിക്കുന്നത്.

2018ൽ ഇസ്താംബൂളിലെ സൗദി കോൺസുലേറ്റിൽ വച്ച് ഖഷോഗിയുടെ മരണത്തിലേക്ക് നയിച്ച ഓപ്പറേഷന് കിരീടാവകാശി അംഗീകാരം നൽകിയതായുള്ള 2021ലെ യുഎസ് ഇൻറലിജൻസ് റിപ്പോർട്ടിന് വിരുദ്ധമാണ് ട്രംപിന്റെ പ്രസ്താവന.

അതേസമയം, വൈറ്റ് ഹൗസിൽ സൈനിക ഗാർഡ് ഓഫ് ഓണർ, പീരങ്കി സല്യൂട്ട്, യുഎസ് യുദ്ധവിമാനങ്ങളുടെ ആകാശപ്രകടനം എന്നിവയോടെയാണ് മുഹമ്മദ് ബിൻ സൽമാന് വരവേൽപ് നൽകിയത്.

പ്രതിരോധം, ഊർജം, ആർട്ടിഫിഷൽ ഇൻറലിജൻസ് തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്താൻ ഇരുരാജ്യങ്ങളും ധാരണയായി. സൗദിയുടെ യുഎസിലെ നിക്ഷേപം നാല് ലക്ഷം കോടി ഡോളർ ആയി ഉയർത്തുമെന്ന് മുഹമ്മദ് ബിൻ സൽമാൻ പറഞ്ഞു. 60, 000 കോടി ഡോളർ യുഎസിലെ വിവിധ പദ്ധതികളിൽ നിക്ഷേപിക്കുമെന്ന് മുഹമ്മദ് ബിൻ സൽമാൻ നേരത്തെ അറിയിച്ചിരുന്നു.

സൗദി അറേബ്യയ്ക്ക് എഫ് 35 യുദ്ധവിമാനങ്ങൾ വിൽക്കുമെന്ന് ഡോണൾഡ് ട്രംപ് നേരത്തെ പ്രഖ്യാപിച്ചിരുന്നു. 48 പുതിയ വിമാനങ്ങൾ വാങ്ങാൻ സൗദി താൽപര്യം പ്രകടിപ്പിച്ചതിനു പിന്നാലെയായിരുന്നു ട്രംപിന്റെ പ്രഖ്യാപനം.

മധ്യപൂർവദേശത്ത് ഇസ്രയേലാണ് എഫ് 35 യുദ്ധവിമാനം കൈവശമുള്ള ഏക രാജ്യം. ഫുട്ബോൾ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയും ഇന്ന് വൈറ്റ്ഹൗസ് സന്ദർശിക്കും.

ക്ലിൻറ് പെയിൻറിംഗിന് വില 2092 കോടി രൂപ

ന്യൂയോർക്ക്: വിഖ്യാത ഓസ്ട്രിയൻ പെയിൻറർ ഗുസ്താവ് ക്ലിൻറിന്റെ 'പോർട്രെയിറ്റ് ഓഫ് എലിസബത്ത് ലെഡെറർ' എന്ന ചിത്രം ലേലത്തിൽ വിറ്റുപോകുന്ന രണ്ടാമത്തെ വിലയേറിയ കലാസൃഷ്ടി എന്ന റിക്കാർഡ് സ്വന്തമാക്കി. സോത്ബീസ് കന്പനി ന്യൂയോർക്കിൽ ലേലത്തിനു വച്ച ചിത്രത്തിന് 23.64 കോടി ഡോളർ (ഏകദേശം 2092.08 കോടി രൂപ) ആണു ലഭിച്ചത്. ചിത്രം വാങ്ങിയതാരാണെന്നു വെളിപ്പെടുത്തിയിട്ടില്ല. 1914-16 കാലഘട്ടത്തിലാണ് ക്ലിൻറ് ഈ ചിത്രം പൂർത്തിയാക്കിയത്. നാസികൾ കൊള്ളയടിക്കുകയും രണ്ടാം ലോകമഹായുദ്ധത്തിനിടെ തീപിടിത്തത്തെ അതിജീവിക്കുകയും ചെയ്ത ചിത്രം പിന്നീട് ഉടമസ്ഥരുടെ പക്കൽ തിരിച്ചെത്തുകയായിരുന്നു. ലിയനാർദോ ദാ വിൻചി വരച്ചത് എന്നു കരുതുന്ന 'സാൽവദോർ മുണ്ടി' ആണ് ലേലത്തിൽ വിറ്റുപോകുന്ന ഏറ്റവും വിലയേറിയ കലാസൃഷ്ടി. 2017ൽ 45.03 കോടി ഡോളറാണ് ഈ പെയിൻറിംഗിനു ലഭിച്ചത്. സൗദിയിലെ മുഹമ്മദ് ബിൻ സൽമാൻ രാജകുമാരനാണു വാങ്ങിയതെന്നു കരുതുന്നു.

ലബനനിൽ ഇസ്രേലി ആക്രമണം; 14 മരണം

ബെയ്റൂട്ട്: തെക്കൻ ലബനനിൽ ഇസ്രേലി സേന നടത്തിയ രണ്ട് ആക്രമണങ്ങളിൽ 14 പേർ കൊല്ലപ്പെടുകയും 15 പേർക്കു പരിക്കേൽക്കുകയും ചെയ്തു. ചൊവ്വാഴ്ച രാത്രി ഐൻ എൽ ഹിൽവേഹിലെ പലസ്തീൻ അഭയാർഥി ക്യാന്പിലുണ്ടായ ആദ്യ ആക്രമണത്തിൽ 11 പേരാണു കൊല്ലപ്പെട്ടത്. ഹമാസ് തീവ്രവാദികളെ ലക്ഷ്യമിട്ടായിരുന്നു ആക്രമണമെന്ന് ഇസ്രേലി സേന അറിയിച്ചു. ഇസ്രയേലിനെതിരേ ആക്രമണം നടത്താനുള്ള നീക്കത്തിലായിരുന്നു ഹമാസെന്നും സേന കൂട്ടിച്ചേർത്തു. ഇന്നലെ തിരി ഗ്രാമത്തിൽ കാറിലെ ലക്ഷ്യമിട്ട രണ്ടാമത്തെ ആക്രമണത്തിൽ ഒരാളാണ് കൊല്ലപ്പെട്ടത്. 11 പേർക്കു പരിക്കേൽക്കുകയും ചെയ്തു. സമീപത്തെ ബസിലുണ്ടായിരുന്ന വിദ്യാർഥികളും പരിക്കേറ്റവരിൽ ഉൾപ്പെടുന്നു.

വാഹനാപകടത്തിൽ മൂന്ന് ഡോക്ടർമാർ മരിച്ചു, രണ്ട് പേർക്ക് പരിക്ക്

ചെന്നൈ: തൂത്തുക്കുടിയിൽ ഡോക്ടർമാർ സഞ്ചരിച്ച കാർ മരത്തിലിടിച്ചുണ്ടായ അപകടത്തിൽ മൂന്ന് പേർ മരിച്ചു. രണ്ട് പേരുടെ നില ഗുരുതരമാണ്. ന്യൂ പോർട്ട് ബീച്ച് റോഡിലാണ് അപകടമുണ്ടായത്. തൂത്തുക്കുടി ഗവ. മെഡിക്കൽ കോളജിലെ ഹൗസ് സർജൻമാർ സഞ്ചരിച്ച കാർ, കനത്ത മഴയെത്തുടർന്നു നിയന്ത്രണം വിട്ടു റോഡിരികിലെ മരത്തിൽ ഇടിക്കുകയായിരുന്നെന്നു പോലീസ് പറഞ്ഞു. ഹൗസ് സർജൻമാരായ സരൂപൻ (23), രാഹുൽ (23) എന്നിവർ സംഭവ സ്ഥലത്തും മുകിലൻ (23) ആശുപത്രിയിലേക്കു കൊണ്ടുപോകുന്നതിനിടെയും മരിച്ചു. ശരൺ, കൃതിക് കുമാർ എന്നിവരെ ഗുരുതരമായ പരിക്കുകളോടെ തൂത്തുക്കുടി ഗവ. ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തിൽ കേസെടുത്ത് അന്വേഷണം ആരംഭിച്ചതായി തൂത്തുക്കുടി പോലീസ് പറഞ്ഞു.

നിതീഷ്കുമാറിന്റെ സത്യപ്രതിജ്ഞ ഇന്ന്; പ്രധാനമന്ത്രി പങ്കെടുക്കും

പാറ്റ്ന: ബിഹാർ മുഖ്യമന്ത്രിയായി നിതീഷ്കുമാർ ഇന്നു സത്യപ്രതിജ്ഞ ചെയ്യും. പാറ്റ് ഗാന്ധി മൈതാനിയിൽ ഇന്നു രാവിലെ 11നാണു സത്യപ്രതിജ്ഞ.

പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുള്ള പ്രമുഖർ സത്യപ്രതിജ്ഞയ്ക്ക് എത്തും. പത്താം തവണയാണ് നിതീഷ്കുമാർ മുഖ്യമന്ത്രിയാകുന്നത്. ഇന്നലെ എൻഡിഎ നേതാവായി നിതീഷ്കുമാറിനെ തെരഞ്ഞെടുത്തു. 243 അംഗ നിയമസഭയിൽ 202 അംഗങ്ങളാണ് എൻഡിഎയ്ക്കുള്ളത്. ജെഡി-യു നിയമസഭാ കക്ഷി നേതാവായും ഇന്നലെ നിതീഷ്കുമാറിനെ തെരഞ്ഞെടുത്തു. സമ്രാട്ട് ചൗധരിയാണ് ബിജെപി നിയമസഭാ കക്ഷി നേതാവ്. ഇദ്ദേഹം ഉപമുഖ്യമന്ത്രിയാകും. വിജയ്കുമാർ സിൻഹയാണ് ബിജെപി നിയമസഭാ കക്ഷി ഉപനേതാവ്.

ന്യൂയോർക്ക് നഗരം നശിച്ച സ്ഥിതി; സൊഹ്റാൻ മംദാനിക്കെതിരെ രൂക്ഷ വിമർശനവുമായി എറിക് ട്രംപ്

വാഷിംഗ്ടൺ: ന്യൂയോർക്ക് സിറ്റി മേയർ സൊഹ്റാൻ മംദാനിയുമായി പ്രസിഡൻറ് ഡോണൾഡ് ട്രംപ് കൂടിക്കാഴ്ച നടത്തുമെന്ന് വൈറ്റ് ഹൗസ് സ്ഥിരീകരിച്ചതിന് പിന്നാലെ നിയുക്ത മേയർക്കെതിരെ രൂക്ഷ വിമർശനവുമായി ട്രംപിന്റെ മകൻ എറിക് ട്രംപ്. സൊഹ്റാൻ മംദാനി ഇന്ത്യൻ ജനതയെ വെറുക്കുന്നതായും ന്യൂയോർക്ക് നഗരം നശിച്ച സ്ഥിതിയാണെന്നും എറിക് പറഞ്ഞു. ഒരു അഭിമുഖത്തിലാണ് എറിക് മംദാനിക്കെതിരെ ഗുരുതര ആരോപണങ്ങളുമായി രംഗത്തെത്തിയത്. നെതന്യാഹുവിനെ അറസ്റ്റ് ചെയ്യാൻ ആഗ്രഹിക്കുന്ന, ജൂത ജനതയെയും ഇന്ത്യക്കാരെയും വെറുക്കുന്ന ഒരു സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ആണ് മംദാനിയെന്നും എറിക് ആരോപിച്ചു. അമേരിക്കയിലെ നഗരങ്ങൾ ഇപ്പോൾ കടന്നുപോകുന്നത് തീവ്ര ഇടതുപക്ഷ അജണ്ടയിലൂടെയാണെന്നും എറിക് കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

ഭരണഘടനാ ദിനാഘോഷത്തോടനുബന്ധിച്ച് നിയമ വകുപ്പ് സംഘടിപ്പിച്ച മൂന്നാം അഖില കേരള ഭരണഘടനാ പ്രസംഗ മത്സരം 'വാഗ്മി 2025' ന്റെ ഫൈനൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് ഉദ്ഘാടനം ചെയ്യുന്നു

വാഗ്മി ഫൈനൽ മത്സരം ചീഫ് സെക്രട്ടറി ഉദ്ഘാടനം ചെയ്തു

ഭരണഘടനാ ദിനാഘോഷത്തോടനുബന്ധിച്ച് നിയമ വകുപ്പ് സംഘടിപ്പിച്ച മൂന്നാം അഖില കേരള ഭരണഘടനാ പ്രസംഗ മത്സരം 'വാഗ്മി 2025' ന്റെ ഫൈനൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് ഉദ്ഘാടനം ചെയ്തു.

മേഖലാതല വിജയികൾക്കുള്ള സമ്മാനങ്ങളും ചീഫ് സെക്രട്ടറി വിതരണം ചെയ്തു. സെക്രട്ടേറിയറ്റ് അനക്സ് കക ലെ ശ്രുതി ഹാളിൽ നടന്ന പരിപാടിയിൽ നിയമസെക്രട്ടറി കെ. ജി. സനൽകുമാർ അധ്യക്ഷനായി. അഡീഷണൽ നിയമ സെക്രട്ടറി ഷിബു തോമസ്, ജോയിന്റ് സെക്രട്ടറി ഷീജ ഡി. കെ. തുടങ്ങിയവർ സംബന്ധിച്ചു.

തലയിൽ മുറിവുമായെത്തിയ കുട്ടിക്ക് ഫെവി ക്വിക് ചികിത്സ; അന്വേഷണത്തിന് ഉത്തരവിട്ട് ചീഫ് മെഡിക്കൽ ഓഫീസർ

മീററ്റ്: യുപിയിൽ തലയിലെ മുറിവിന് ചികിത്സ തേടിയെത്തിയ കുട്ടിക്ക് ഫെവികിക് പുരട്ടി വിട്ടതായി പരാതി. ജാഗ്രിതി വിഹാർ സർദാർ ജസ്പീന്ദർ സിംഗിന്റെ മകനാണ് ഗുരുതര കൃത്യ വിലോപം നേരിടേണ്ടി വന്നത്.

കളിക്കുന്നതിനിടെ പരിക്കേറ്റ കുട്ടിയെ ഭാഗ്യ ശ്രീ എന്ന ആശുപത്രിയിലെത്തിക്കുകയായിരുന്നു രക്ഷിതാക്കൾ. എന്നാൽ കുട്ടിയെ പരിശോധിച്ച ഡോക്ടർ ഫെവികിക് വാങ്ങി വരാൻ ആവശ്യപ്പെടുകയായിരുന്നു.

തുടർന്ന് കുട്ടിയുടെ മുറിവിൽ ഡോക്ടർ ഫെവി കിക് പുരട്ടി വിടുകയായിരുന്നു. രാത്രി വേദന സഹിക്കാനാകാതെ കുട്ടി കരഞ്ഞതോടെ രക്ഷിതാക്കൾ ലോക്പ്രിയ ആശുപത്രിയിലെത്തിച്ചു. ഇവിടെ മൂന്ന് മണിക്കൂർ നീണ്ട പരിശ്രമത്തിനൊടുവിലാണ് ഫെവികിക് മുറിവിൽ നിന്ന് നീക്കിയത്. ഇതേ തുടർന്ന് കുട്ടിയുടെ കുടുംബം പരാതി നൽകിയിട്ടുണ്ട്. സംഭവത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചതായി മീററ്റ് ചീഫ് മെഡിക്കൽ ഓഫീസർ അശോക് കട്ടാരിയ അറിയിച്ചു.

പിണറായിസം അവസാനിപ്പിക്കണം; യുഡിഎഫിനെതിരെ മത്സരിക്കരുതെന്ന് പി. വി. അൻവർ

നിലമ്പൂർ: തദ്ദേശ തെരഞ്ഞെടുപ്പിൽ ഒരിടത്തും യുഡിഎഫിനെതിരെ മത്സരിക്കരുതെന്ന് തൃണമൂൽ കോൺഗ്രസ് പ്രവർത്തകർക്ക് നിർദേശം നൽകി പി. വി. അൻവർ. തെരഞ്ഞെടുപ്പിൽ യുഡിഎഫിന് പൂർണ പിന്തുണയും അൻവർ പ്രഖ്യാപിച്ചു.

യുഡിഎഫുമായി ചർച്ച നടത്തി അവർ സീറ്റ് അനുവദിക്കുന്ന ഇടങ്ങളിൽ മത്സരിക്കാമെന്നാണ് തീരുമാനം. പിണറായിസം അവസാനിപ്പിക്കാൻ ഈ തെരഞ്ഞെടുപ്പിൽ യുഡിഎഫ് വിജയിക്കണമെന്നും അൻവർ പ്രതികരിച്ചു.

മലപ്പുറത്തെ കരുളായി പഞ്ചായത്തിൽ യുഡിഎഫ് -തൃണമൂൽ സഖ്യമാണ് മത്സരിക്കുന്നത്. നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പായി ടിഎംസിയുടെ യുഡിഎഫ് പ്രവേശനം സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുകയാണ്. ഇതിനിടയിലാണ് കരുളായി പഞ്ചായത്തിലെ 10, 14 വാർഡുകളിൽ ടിഎംസി മത്സരിക്കുന്നത്.

അൻവറുമായി സഹകരിക്കുന്ന കാര്യത്തിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശനും അനുകൂല നിലപാട് സ്വീകരിക്കുമെന്നാണ് സൂചന. ലീഗിനും അൻവറിന്റെ പ്രവേശനത്തിൽ യോജിപ്പാണെന്നാണ് വിവരം.

അതേസമയം തദ്ദേശ തെരഞ്ഞെടുപ്പിൽ ഒരു സീറ്റിലും യുഡിഎഫിനെതിരെ മത്സരിക്കില്ലെന്ന് പാർട്ടി സംസ്ഥാന ചീഫ് കോ - ഓർഡിനേറ്റർ വി എസ് മനോജ് കുമാറും വ്യക്തമാക്കിയിട്ടുണ്ട്. പലയിടത്തും പ്രാദേശിക തലത്തിൽ യുഡിഎഫുമായി തൃണമൂൽ കോൺഗ്രസ് ചർച്ച നടത്തുന്നുണ്ട്.

ഇനി ചോദ്യം ചെയ്യേണ്ടത് കടകംപള്ളി സുരേന്ദ്രനെ; സിപിഎം നേതാക്കളുടെ ജയിലിലേക്കുള്ള ഘോഷയാത്ര ആരംഭിച്ചെന്ന് വി. ഡി. സതീശൻ

കൊച്ചി: സിപിഎം നേതാക്കളുടെ ജയിലിലേക്കുള്ള ഘോഷയാത്ര ആരംഭിച്ചെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ശബരിമല സ്വർണകൊള്ള കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എ. പത്മകുമാറിന്റെ അറസ്റ്റിൽ പ്രതികരിക്കുകയായിരുന്നു അദേഹം.ഹൈക്കോടതി ഇടപെട്ടില്ലായിരുന്നെങ്കിൽ അയ്യപ്പന്റെ തങ്കവിഗ്രഹം കൂടി ഇവർ കൊള്ളയടിക്കുമായിരുന്നുവെന്നും പ്രതിപക്ഷ നേതാവ് പരിഹാസമുയർത്തി. പിണറായി വിജയൻ എന്തുകൊണ്ടാണ് വിഷയത്തിൽ മൗനം പാലിക്കുന്നതെന്നും സതീശൻ ചോദിച്ചു.

കേസിൽ ഉണ്ണികൃഷ്ണൻ പോറ്റി മാത്രമായിരുന്നു ഉത്തരവാദിയെങ്കിൽ എന്തുകൊണ്ട് ദേവസ്വം ബോർഡ് പോറ്റിക്കെതിരെ പരാതി നൽകിയില്ല. പോറ്റി കുടുങ്ങിയാൽ പലരും കുടുങ്ങുമെന്ന് സിപിഎമ്മിന് അറിയാമായിരുന്നുവെന്നും വി. ഡി. സതീശൻ ആരോപിച്ചു. ഇനി ചോദ്യം ചെയ്യേണ്ടത് മുൻ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രനെയാണെന്നും സതീശൻ വ്യക്തമാക്കി. ഇപ്പോഴത്തെ ദേവസ്വം മന്ത്രി വാസവന്റെയും കൂടി അറിവോടെയാണ് കൊള്ള നടന്നതെന്നും വി. ഡി. സതീശൻ കൂട്ടിച്ചേർത്തു.

അനിൽ അക്കര ഇനി 'അടാട്ട്' കരയിൽ; തദ്ദേശ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നു

തൃശൂർ: തദ്ദേശ തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥിയായി മുൻ എംഎൽഎ അനിൽ അക്കരയെ കളത്തിലിറക്കി കോൺഗ്രസ്. അനിലിന്റെ സ്വന്തം തട്ടകമായ അടാട്ട് പഞ്ചായത്തിലെ 15-ാം വാർഡിലാണ് അനിൽ ജനവിധി തേടുന്നത്. മണ്ഡലം ഉപസമിതി ചേർന്നാണ് അനിൽ അക്കരയുടെ പേര് ശിപാർശ ചെയ്തത്.

വടക്കാഞ്ചേരി മുൻ എംഎൽഎയായ അനിൽ അക്കര 2003 മുതൽ 2010 വരെ അടാട്ട് പഞ്ചായത്ത് പ്രസിഡൻറായിരുന്നു. അനിലിന്റെ ഭരണകാലത്ത് മികച്ച പഞ്ചായത്തിനുള്ള ദേശീയ-സംസ്ഥാന പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

2000ത്തിലാണ് അനിൽ പഞ്ചായത്തിൽ കന്നിയങ്കത്തിനിറങ്ങുന്നത്. കന്നിയങ്കത്തിൽ അടാട്ടിലെ ഏഴാം വാർഡിൽനിന്നും 400 വോട്ടുകൾക്ക് വിജയിച്ചു. 2005ൽ 11-ാം വാർഡിൽനിന്ന് 285 വോട്ടുകൾക്ക് വിജയിച്ചു. 2010ൽ ജില്ലാ പഞ്ചായത്തിലേക്ക് കളം മാറ്റിയ അനിൽ 14000 വോട്ടുകൾക്കാണ് വിജയിച്ചത്.

2016ലാണ് അനിൽ നിയമസഭയിലേക്ക് ജനവിധി തേടിയത്. 46 വോട്ടുകൾക്കായിരുന്നു അനിലിന്റെ ജയം. 2021ലെ നിയമസഭ തെരഞ്ഞെടുപ്പിൽ 15,000 വോട്ടുകൾ തോറ്റതോടെ അനിൽ ഇനി നിയമസഭ തെരഞ്ഞെടുപ്പിൽ മത്സരിക്കാനില്ലെന്ന് പ്രഖ്യാപിച്ചിരുന്നു.

പത്മകുമാർ നിലവിൽ കുറ്റാരോപിതൻ മാത്രം; ശിക്ഷിച്ചാൽ നടപടി സ്വീകരിക്കാമെന്ന് എം. വി. ഗോവിന്ദൻ

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ ഒരാളെയും സംരക്ഷിക്കാൻ പാർട്ടി തയാറല്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. ദേവസ്വം ബോർഡ് മുൻ പ്രസിഡൻറും സിപിഎം നേതാവുമായ എ. പത്മകുമാർ അറസ്റ്റിലായ സംഭവത്തിൽ പ്രതികരിക്കുകയായിരുന്നു എം. വി. ഗോവിന്ദൻ. സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണ സംഘത്തിന് ആരെയും ചോദ്യം ചെയ്യാനും അറസ്റ്റ് ചെയ്യാനും അധികാരമുണ്ടെന്നും അതിൽ പാർട്ടി ഇടപെടില്ലെന്നും എം. വി. ഗോവിന്ദൻ പറഞ്ഞു.ഹൈക്കോടതിയുടെ നിർദേശപ്രകാരമാണ് അന്വേഷണം നടക്കുന്നത്. പാർട്ടിക്ക് ഇതുമായി ഒരു ബന്ധവുമില്ല. അറസ്റ്റ് ചെയ്തതുകൊണ്ട് മാത്രം കുറ്റവാളിയാവില്ല. പത്മകുമാർ കുറ്റക്കാരനാണെന്ന് കോടതി പറയണമെന്നും സിപിഎം സംസ്ഥാന സെക്രട്ടറി വ്യക്തമാക്കി. പത്മകുമാറിനെ ശിക്ഷിച്ചാൽ അപ്പോൾ നടപടി സ്വീകരിക്കാം. പത്മകുമാർ നിലവിൽ കുറ്റാരോപിതൻ മാത്രമാണെന്നും എം. വി. ഗോവിന്ദൻ കൂട്ടിച്ചേർത്തു.

വി. എം. വിനുവിന് പകരക്കാരനെ കണ്ടെത്തി കോൺഗ്രസ്

കോഴിക്കോട്: കോഴിക്കോട് കോർപ്പറേഷനിലെ കല്ലായി ഡിവിഷനിൽ സംവിധായകൻ വി. എം. വിനുവിന് പകരം പ്രാദേശിക നേതാവിനെ മത്സരിപ്പിക്കാൻ കോൺഗ്രസ്. പന്നിയങ്കര കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് ബൈജു കാളക്കണ്ടിയാണ് പുതിയ സ്ഥാനാർത്ഥി.

നേരത്തെ വിനുവിനെ കോൺഗ്രസ് സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കുകയും മേയർ സ്ഥാനാർത്ഥിയായി അവതരിപ്പിക്കുകയും ചെയ്തെങ്കിലും വിനുവിന്റെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പകരം സ്ഥാനാർത്ഥിയെ കണ്ടെത്തേണ്ടിവരികയായിരുന്നു.

വിനുവിന്റെ പേര് വോട്ടർപട്ടികയിൽ നിന്ന് വെട്ടിയെന്ന് ആരോപിച്ച് കോൺഗ്രസ് ഹൈക്കോടതിയെ സമീപിച്ചിരുന്നെങ്കിലും തിരിച്ചടി നേരിട്ടിരുന്നു. ഇതിനെ തുടർന്നാണ് പുതിയ സ്ഥാനാർത്ഥിയെ കണ്ടെത്തിയത്.

ശബരിമല തീർഥാടകരുടെ സുരക്ഷ ഉറപ്പാക്കണം; കേരള ചീഫ് സെക്രട്ടറിക്ക് കത്തയച്ച് കർണാടക

തിരുവനന്തപുരം: ശബരിമല തീർഥാടകരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് കർണാടകയുടെ കത്ത്. കേരള ചീഫ് സെക്രട്ടറിക്കാണ് കർണാടക സർക്കാർ കത്തയച്ചിരിക്കുന്നത്.

മതിയായ സുരക്ഷയും ഗതാഗത സൗകര്യവും ഉറപ്പാക്കണമെന്ന് കത്തിൽ ആവശ്യപ്പെടുന്നുണ്ട്.

ലക്ഷക്കണക്കിന് അയ്യപ്പ ഭക്തരാണ് കർണാടകയിൽ നിന്ന് എത്തുന്നതെന്നും തീർഥാടകരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി വേണമെന്നും കത്തിൽ പറയുന്നു.

കർണാടക ചീഫ് സെക്രട്ടറിയാണ് കത്തയച്ചത്. അതേസമയം ശബരിമല ദർശനത്തിന് അനുവദിക്കുന്ന സ്പോട്ട് ബുക്കിംഗ് 5000 ആയി നിജപ്പെടുത്തി.

ഹൈക്കോടതി നിർദ്ദേശത്തെ തുടർന്നാണ് തീരുമാനം. നിലയ്ക്കൽ, വണ്ടിപ്പെരിയാർ കേന്ദ്രങ്ങളിൽ മാത്രമായിരിക്കും സ്പോട്ട് ബുക്കിംഗ് ലഭ്യമാകുക.

പ്രതിമാസ പ്രഭാഷണ പരമ്പര

ദേശീയ, ആഗോള വിഷയങ്ങളിൽ അർത്ഥവത്തായ പൊതു ചർച്ചകൾ പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) പ്രതിമാസ പ്രഭാഷണ പരമ്പര സംഘടിപ്പിക്കുന്നു. 2025 നവംബർ 27ന് നടക്കുന്ന ആദ്യ സെഷൻ ''എത്തിക്കൽ എ.ഐ: അഡ്രസിംഗ് ദി റിസ്ക്സ് ആൻഡ് ഓപ്പർച്ച്യൂണിറ്റീസ്'' എന്ന വിഷയത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഉദ്യോഗസ്ഥർ, ഗവേഷകർ, അക്കാദമിഷ്യന്മാർ, യുവാക്കൾ, സജീവ പൗരന്മാർ എന്നിവരെ ലക്ഷ്യമിട്ടുള്ള ഈ പരമ്പര വൈവിധ്യമാർന്ന കാഴ്ചപ്പാടുകളും പൗര അവബോധവും വളർത്താൻ സഹായിക്കും പങ്കെടുക്കാൻ താൽപര്യമുള്ളവർ സി.എം.ഡി വെബ്സൈറ്റ് വഴിയോ https://forms.office.com/r/99Fhp6rTte ലിങ്ക് മുഖാന്തിരമോ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: 8714259111/ 0471 2320101.

വൈഷ്ണ സുരേഷ് നാമനിർദേശ പത്രിക സമർപ്പിച്ചു

തിരുവനന്തപുരം: തിരുവനന്തപുരം കോർപറേഷൻ മുട്ട വാർഡിലെ യുഡിഎഫ് സ്ഥാനാർഥി വൈഷ്ണ സുരേഷ് നാമനിർദേശ പത്രിക സമർപ്പിച്ചു. കളക്ടറേറ്റിൽ എത്തിയാണ് പത്രിക നൽകിയത്. ജില്ലാ സപ്ലൈ ഓഫീസർ കെ. വി. സിന്ധുവിനു മുന്നിലാണ് പത്രിക സമർപ്പിച്ചത്. വിവാദങ്ങൾ പ്രചരണത്തിന് തടസമായെന്ന് വൈഷ്ണ സുരേഷ് പ്രതികരിച്ചു.

പത്തു ദിവസമാണ് നഷ്ടമായത്. അതൊക്കെ മറികടക്കും. വാർഡിലെ ജനങ്ങളോട് വിവാദങ്ങളെ കുറിച്ചല്ല പറയാനുള്ളതെന്നും വൈഷ്ണ പറഞ്ഞു. അതേസമയം വൈഷ്ണ സുരേഷിന്റെ പേര് വോട്ടർപട്ടികയിൽ നിന്ന് നീക്കം ചെയ്യാൻ സിപിഎം ക്രിമിനൽ ഗൂഢാലോചന നടത്തിയെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ പറഞ്ഞു.

സീറ്റ് വിഭജന തർക്കം: കാസർഗോട്ട് ഡിസിസി ഓഫീസിൽ തമ്മിലടി

കാസർഗോഡ്: കോൺഗ്രസിലെ സീറ്റ് വിഭജന ചർച്ചകൾക്കിടെ ഡിസിസി ഓഫീസിൽ തമ്മിലടി. ഡിസിസി വൈസ് പ്രസിഡൻറ് ജയിംസ് പന്തമാക്കനും കോൺഗ്രസിന്റെ കർഷക സംഘടനയായ ഡികെടിഎഫിന്റെ ജില്ലാ പ്രസിഡൻറ് വാസുദേവനും തമ്മിലായിരുന്നു സംഘർഷം ഉണ്ടായത്. ഈസ്റ്റ് എളേരി പഞ്ചായത്തിലെ സീറ്റ് വിഭജനമാണ് വലിയ സംഘർഷത്തിൽ കലാശിച്ചത്. സമൂഹ മാധ്യമങ്ങളിലും പാർട്ടി യോഗങ്ങളിലുമായി തുടർന്ന തർക്കം ഒടുവിൽ ഡിസിസി ഓഫീസിൽ നേരിട്ടുള്ള ഏറ്റുമുട്ടലിൽ കലാശിക്കുകയായിരുന്നു.

പട്ടയത്തിനായി പതിറ്റാണ്ടുകളുടെ കാത്തിരിപ്പ്

പാരിപ്പള്ളി: കല്ലുവാതുക്കൽ പാറ ജംഗ്ഷനിൽ ദേശീയപാത പുറമ്പോക്കിലെ താമസക്കാരുടെ പട്ടയത്തിനായുള്ള കാത്തിരിപ്പ് പതിറ്റാണ്ടുകളായി തുടരുകയാണ്. ഓരോ ഭരണമാറ്റത്തിലും ഇവർ പ്രതീക്ഷയോടെ കാത്തിരിക്കുമെങ്കിലും നിരാശയാണ് ഫലം. മൂന്നു തലമുറകളായി 24 കുടുംബങ്ങൾ ഇവിടെ താമസമുണ്ട്. പാറ കാറിയിൽ ജോലിക്കെത്തിയവരുടെ പിൻമുറക്കാരാണിവർ. പുറമ്പോക്കിൽ കുടിൽ കെട്ടി താമസിച്ചു വരുന്നവരാണ്. നാളിതുവരെയായിട്ടും കൈവശാവകാശമോ പട്ടയമോ ലഭിച്ചിട്ടില്ല. ദേശീയപാത വികസനവുമായി ബന്ധപ്പെട്ടു സർവീസ് പാതയുടെ നിർമാണത്തിനായി എട്ടോളം കുടുംബങ്ങളുടെ വീട് ഏറ്റെടുത്തിരുന്നു. ഇവർക്കു കെട്ടിടത്തിന്റെ നഷ്ടപരിഹാരം മാത്രമാണ് ലഭിച്ചത്. മുൻ പഞ്ചായത്ത് ഭരണസമിതികൾ പുറമ്പോക്കിൽ നിർമിച്ച വീടുകൾക്കു കെട്ടിടനമ്പർ നൽകിയിരുന്നതിനാൽ ഇവർക്കു റേഷൻ കാർഡും വൈദ്യുതിയുടെയും കുടിവെള്ളത്തിന്റെയും കണക്ഷനുകൾ ലഭിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി പദത്തിനായി സമ്മർദ്ദം ശക്തമാക്കി ഡി. കെ. ശിവകുമാർ

ബംഗളൂരു: മുഖ്യമന്ത്രി പദത്തെ ചൊല്ലി കർണാടക കോൺഗ്രസിൽ വീണ്ടും പ്രതിസന്ധി രൂക്ഷം. മുഖ്യമന്ത്രി സ്ഥാനത്തിനായി സമ്മർദ്ദം ശക്തമാക്കുകയാണ് ഡി. കെ. ശിവകുമാർ വിഭാഗം.

കർണാടക പിസിസി അധ്യക്ഷ സ്ഥാനം ഒഴിയാൻ ഡി. കെ. ശിവകുമാർ സന്നദ്ധത പ്രകടിപ്പിച്ചു. ഒരു പദവിയിലും ദീർഘകാലം തുടരുന്നത് ശരിയല്ലെന്ന് ശിവകുമാർ പറഞ്ഞു. പാർട്ടിയിൽ ശക്തമായി പ്രവർത്തിക്കുന്നവർ പദവി ആവശ്യപ്പെടുന്നത് സ്വാഭാവികമാണെന്നാണ് പ്രതികരണം. മുഖ്യമന്ത്രിസ്ഥാനം തുല്യമായി പങ്കിടാമെന്ന ഉറപ്പിലാണു സിദ്ധരാമയ്യ നേതൃത്വത്തിലെത്തിയതെന്നാണ് അധികാരമേറ്റ അന്നു മുതൽ ശിവകുമാർ വിഭാഗം പ്രചരിപ്പിക്കുന്നത്. സർക്കാർ രണ്ടര വർഷം പൂർത്തിയാകുന്ന സാഹചര്യത്തിലാണ് ഡി. കെയുടെ പുതിയ സമ്മർദ്ദം.

വി. എം. വിനുവിനു പകരം സെലിബ്രിറ്റി ഇല്ല; കോഴിക്കോട് മേയർ സ്ഥാനാർത്ഥിയെ ഇന്നറിയാം

കോഴിക്കോട്: തദ്ദേശ തെരഞ്ഞെടുപ്പിൽ കോഴിക്കോട് കോർപ്പറേഷൻ മേയർ സ്ഥാനാർത്ഥിയായി സെലിബ്രിറ്റികളെ ഇനി പരിഗണിക്കേണ്ടെന്ന തീരുമാനത്തിൽ കോൺഗ്രസ്. പ്രാദേശിക നേതൃത്വത്തെ പരിഗണിക്കാനാണ് പാർട്ടി തീരുമാനം. വോട്ടർ പട്ടികയിൽ പേരില്ലാത്തതിനെ തുടർന്ന് സംവിധായകൻ വി. എം. വിനുവിന് മത്സരിക്കാനായിരുന്നില്ല. ഇതേത്തുടർന്നാണ് കോൺഗ്രസ് നേതൃത്വം പുതിയ സ്ഥാനാർത്ഥിയെ തേടുന്നത്. കഴിഞ്ഞ ദിവസം ചേർന്ന കോർ കമ്മിറ്റിയിൽ ഈ തീരുമാനം കൈകൊണ്ടതായാണ് വിവരം. സാഹിത്യ, സിനിമ മേഖലയിൽ ഉള്ള ചിലരെ നേതാക്കൾ സമീപിച്ചിരുന്നു. ആരും സന്നദ്ധത അറിയിക്കാതിരുന്നതിനെ തുടർന്നാണ് പ്രാദേശിക നേതാക്കളിലേക്ക് എത്തിയിരിക്കുന്നത്. സ്ഥാനാർത്ഥിയെ ഇന്ന് പ്രഖ്യാപിക്കും.

കല്ലായി വാർഡിൽ നിന്നും മണ്ഡലം പ്രസിഡൻറ് കാളക്കണ്ടി ബൈജു, നിലവിലെ കൗൺസിലർ എം. സി. സുധാമണി, സുരേഷ് കുമാർ തുടങ്ങിയവരാണ് പരിഗണനയിലുള്ളത്.

പാലക്കാട് നഗരസഭയിൽ ബിജെപിക്ക് തിരിച്ചടി; കൗൺസിലർ കോൺഗ്രസിൽ ചേർന്നു

പാലക്കാട്: പാലക്കാട് നഗരസഭയിൽ ബിജെപിക്ക് തിരിച്ചടി. കൗൺസിലർ കോൺഗ്രസിൽ ചേർന്നു. ബിജെപി കൗൺസിലർ ഉഷ കെ. ആണ് കോൺഗ്രസിൽ ചേർന്നത്. കെപിസിസി ജനറൽ സെക്രട്ടറി എ. തങ്കപ്പൻ ഉഷയെ പാർട്ടി അംഗത്വം നൽകി സ്വീകരിച്ചു. ഡിസിസി പ്രസിഡൻറ് എ. വി. ഗോപിനാഥ്, കെപിസിസി സെക്രട്ടറി കെ. എ. ചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

പ്ലേ സ്കൂൾ വിദ്യാർഥിനി ബസ് കയറി മരിച്ച സംഭവം; ഡ്രൈവർ അറസ്റ്റിൽ

ചെറുതോണി: ഇടുക്കി ചെറുതോണിയിൽ പ്ലേ സ്കൂൾ വിദ്യാർഥിനി ബസ് കയറി മരിച്ച സംഭവത്തിൽ ഡ്രൈവർ അറസ്റ്റിൽ. പൈനാവ് സ്വദേശി എം. എസ്. ശശി ആണ് അറസ്റ്റിലായത്. തുടർന്ന് ഇന്ന് സ്റ്റേഷനിൽ ഹാജരാകാൻ നോട്ടീസ് നൽകിയ ശേഷം ജാമ്യത്തിൽ വിട്ടയച്ചു. ഇയാൾക്കെതിരെ മനപൂർവമല്ലാത്ത നരഹത്യ, അപകടകരമായും അശ്രദ്ധമായും വാഹനമോടിച്ച് അപകടമുണ്ടാക്കൽ തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസെടുത്തിരിക്കുന്നത്. അപകടത്തിൽ പ്ലേ സ്കൂൾ വിദ്യാർഥിനി ഹെയ്സൽ ബെൻ(4) ആണ് മരിച്ചത്.

അപകടത്തിൽ പരിക്കേറ്റ മൂന്നു വയസുകാരി ഇനായ തെഹസിൽ ഇടുക്കി മെഡിക്കൾ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഹെയ്സലിന്റെ സംസ്കാരം രാവിലെ 11ന് വാഴത്തോപ്പ് സെൻറ് ജോർജ്ജ് കത്തിഡ്രൽ പള്ളിയിൽ നടക്കും.